

2023

Since 1987

# ബഥേൽ പത്രിക

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

ജനുവരി 2023

വാല്യം 35 ലക്കം 1

# സുന്ത്രോണീസോ ശുശ്രൂഷയുടെ വിവിധ ദൃശ്യങ്ങൾ















**LIXEN CHACKO**
S/o. Mrs. Leelamma Chacko &
Mr. Mathai Chacko
Erattaplammootil,
Mulakuzha P. O., Chengannur

**MEERA GRACY MATHEW**
D/o. Mrs. Gracykutty Mathew &
Mr. Mathew Pannathandil Oommen
5724 176 avenue NW, Edmon,
AB, Canada, TSY OV2

## എഡിറ്റോറിയൽ

**ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ**

ഒരു പുതുവർഷത്തിലേക്ക് നാം പ്രവേശിച്ചിരി ക്കുകയാണ്. നിരവധി ശുഭപ്രതീക്ഷകളോടെ ആണ് 2023 നെ നാം ഓരോരുത്തരും സ്വാഗതം ചെയ്യുന്നത്. പ്രതീക്ഷാ നിർഭരമായ ഈ യാത്രയിൽ തളർന്നുവീഴാതിരിക്കാൻ ഉറപ്പും ശക്തിയും നൽകുന്ന സ്നേഹിതനായ യേശു നമ്മോടൊപ്പം ഉണ്ടോ എന്നുള്ള ആത്മശോധന അത്യന്താപേക്ഷിതമാണ്.

പെരുന്നാളുകളുടെ നാളുകളാണ് ജനുവരി - ഫെബ്രുവരി മാസങ്ങൾ. ഒരുപക്ഷേ കഴിഞ്ഞ രണ്ടു വർഷങ്ങൾ 'കൊറോണ' എന്ന പകർച്ചവ്യാധി കാരണം ആഘോഷ പരിപാടികൾ ഇല്ലാതെ വിശുദ്ധ കുർബാനയും വിശുദ്ധരുടെ മദ്ധ്യസ്ഥതയിൽ സങ്കേതപ്പെട്ടു കൊണ്ട് നടത്തിവന്ന പ്രാർത്ഥനയും മാത്രമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ അതു മാറി പഴയതിലും അധികമായിട്ടുള്ള ആഘോഷ പരിപാടികളുടെ 'തകർപ്പാണ്' ഇപ്പോൾ കണ്ടുവരുന്നത്. ഒരു പക്ഷേ എല്ലാം അസ്തമിച്ചു എന്ന് തോന്നിയിടത്തു നിന്നുള്ള തിരിച്ചുവരവും ഉയിർത്തെഴുന്നേൽപ്പുമാകാം. പെരുന്നാളുകളിൽ വിശുദ്ധ കുർബാന അനുഭവത്തിലൂടെ ദൈവികസംസർഗം ശക്തിപ്പെടുവാനും, മദ്ധ്യസ്ഥന്മാരായ വിശുദ്ധന്മാരുടെ ജീവിതശൈലിയോടുള്ള താദാത്മ്യം പ്രാപിക്കുവാനുള്ള ത്വരയും ആണ് ആവശ്യമായിട്ടുള്ളത്. എന്നാൽ ഇത് വിസ്മൃതിയിൽ ആഴ്ത്തിക്കൊണ്ട് വിശുദ്ധ കുർബാന പോലും മറ്റ് സ്പോൺസേഡ് പരിപാടികളോടൊപ്പം വെറും 'ഒരു പരിപാടി'യായി മാറുന്ന ദുസ്ഥിതിയായാണ് ഇന്ന് കാണുന്നത്. വിശുദ്ധ കുർബാന സ്പോൺസർ ചെയ്യുന്നവരുടെ എണ്ണം കൂടിവരുന്നു. Mixer വെച്ചുള്ള സൗണ്ട് സിസ്റ്റം, പ്രത്യേക ഗായകസംഘം, വൈദികരിൽ തന്നെ സ്പെഷ്യലിസ്റ്റ് വൈദികർ എന്നിവയോട് കൂടിയുള്ള അടിപൊളി കുർബാന ഇവയ്ക്കാണ് ഇന്ന് മുൻതൂക്കം. വിശുദ്ധ കുർബാനയിൽ അനുതാപം വേണ്ട; കണ്ണുനീർ വേണ്ട; താളം പിടിച്ചു രസിക്കുവാനുള്ള ഒന്നായി മാറുന്നു.ഇനി ഒരു വിഭാഗത്തിന് ഓൺലൈൻ സംവിധാനം ഉണ്ടെങ്കിൽ അതായാലും മതി എന്നായിരിക്കുന്നു. പള്ളിയിൽ നിന്നും നാലും അഞ്ചും കിലോമീറ്റർ അകലെ വരെ ഉച്ചഭാഷണി വച്ച്, മറ്റുള്ളവർക്ക് അസഹനീയത ഉണ്ടാകുന്നതിനും, ശബ്ദമലിനീകരണത്തിനുമായും പെരുന്നാൾ ചടങ്ങുകൾ മാറ്റപ്പെടുന്നു. മോറാനായ പെരുന്നാളിനേക്കാൾ പ്രാധാന്യം വിശുദ്ധന്മാരോടുള്ള പെരുന്നാളുകൾക്കാണോ എന്നുള്ള സംശയം, ചില പള്ളികളിൽ ഞായറാഴ്ച ദിവസം പെരുന്നാൾ ആഘോഷിക്കുന്നതിലൂടെ തോന്നിപ്പോകും.

വിശുദ്ധ കുർബ്ബാന ജീവിതത്തിൽ മാത്രമല്ല, നമ്മുടെ എല്ലാ ആരാധനാനുഭവങ്ങളിലും വലിയ മാറ്റമാണ് കാലം വരുത്തിയിരിക്കുന്നത്. പെരുന്നാളുകളിലും നോമ്പ് അനുഷ്ഠാനങ്ങളിലും തുടങ്ങി വിശ്വാസപരവും വിശ്വാസേതരവുമായ എല്ലാ മേഖലകളിലും ഈ മാറ്റം കാണാം. ചിലതൊക്കെ കേവലം പരീക്ഷണങ്ങളാകാം. പരീക്ഷണങ്ങൾ പരാജയങ്ങളാണ് എന്ന് തിരിച്ചറിഞ്ഞിട്ടും നാം പഴയ നന്മയിലേക്ക് മടങ്ങുന്നില്ല എന്നതാണ് അപകടകരമായ വസ്തുത. വസ്ത്രധാരണത്തിലും ഭക്ഷണ രീതികളിലും ജീവിതശൈലികളിലുമൊക്കെ ഉണ്ടായിട്ടുള്ള അപകടകരമായ വ്യതിയാനം നമ്മുടെ സംസ്കാരത്തെ തച്ചുടയ്ക്കുന്നതുപോലെ ആരാധനാ ജീവിതത്തിലെ പുത്തൻ പരീക്ഷണങ്ങൾ സഭാ പാരമ്പര്യത്തിന് നേരെയുള്ള വലിയ വെല്ലുവിളി തന്നെയാണ്.

പെരുന്നാൾ കൊടി ഏറ്റാൻ ഒരാൾ; കൊടി ഇറക്കാൻ ഒരാൾ, വാഴ്വിന് ഒരാൾ എന്ന് വേണ്ട എല്ലാം പരിഷ്ക്കാര വഴിയിൽ ആണ്. ഇവിടെ എവിടെയാണ് ദൈവസാന്നിധ്യം. വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥം...? ഈ അടുത്ത സമയം ഒരു വിശുദ്ധന്റെ ചരമവാർഷിക സമ്മേളനം നാനാതുറയിൽ ഉള്ള പ്രമുഖ വ്യക്തികളെ കൊണ്ട് നിർവഹിച്ചു. പക്ഷേ സ്മര്യപുരുഷനെക്കുറിച്ച് ഒന്നും പറയാതെ സ്റ്റേജിൽ ഇരിക്കുന്നവരെ കുറിച്ചുള്ള പ്രകീർത്തനങ്ങൾ മാത്രം നടക്കുന്ന പരിതാപകരമായ അവസ്ഥ. സത്യാനന്തരകാലത്തിന്റെ മാറിയ മുഖം!

നോമ്പിന്റെ കാലത്തേക്ക് പ്രവേശിച്ചാൽ അതും ഏകദേശം ഈ രീതിയിൽ..... ഭക്ഷണത്തിൽ നിന്നുള്ള വർജ്ജനം മാത്രമല്ല നോമ്പ്. സംസാരം, നടപ്പ്, പെരുമാറ്റം എല്ലാ കാര്യങ്ങളിലും ഒരു 'വേർപെടൽ' അനിവാര്യമാണെന്നാണ് പിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളത്. യാമപ്രാർത്ഥനകൾ (നമസ്കാരം) കുമ്പിട്ട് നമസ്കരിക്കണമെന്നാണ് പഠിപ്പിച്ചിട്ടുള്ളത്. എന്നാൽ ഇന്ന് യാമപ്രാർത്ഥനകൾക്ക് കോർണർ മീറ്റിങ്ങുകളുടെ മേള കൊഴുപ്പിൽ പ്രാധാന്യം നഷ്ടപ്പെട്ട് വരുന്നു.മുസ്ലിങ്ങളുടെ വ്രതകാലത്ത് ഒരു സമ്മേളനത്തിലേക്ക് ഒരു മുസ്ലിം ഗവർണറെ ക്ഷണിച്ചപ്പോൾ വ്രതകാലത്ത് ദൂരെ യാത്ര ശരിയാവുകയില്ല എന്ന് പറഞ്ഞ് സ്നേഹപൂർവ്വം നിരസിച്ചത് ഓർമ്മയിൽ വരുന്നു. എന്നാൽ ഇന്ന് നാം നോമ്പിലാണ് കൂടുതൽ യാത്ര ചെയ്യുവാൻ ഇഷ്ടപ്പെടുന്നത്. എല്ലാ കാര്യങ്ങളിലും ഒരു മിതത്വം പാലിക്കുവാൻ ഓർമ്മപ്പെടുത്തുന്ന നോമ്പ് നമ്മുടെ ജീവിതത്തിൽ ഒരു യാഥാർത്ഥ്യമായി മാറണം.

പെരുന്നാളുകളിൽ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും മധ്യസ്ഥത ലഭിക്കുവാനും അവരുടെ ജീവിതത്തെ നമ്മിലേക്ക് പകർത്തുന്നതിനും നമുക്ക് സാധിക്കട്ടെ. നോമ്പുകാലം നമ്മെ കൂടുതൽ ആത്മീയ തേജസ്സ് കൊണ്ട് നിറയ്ക്കുന്നതിന് പിതാക്കന്മാർ നമുക്ക് നൽകിയ ഉദാത്തമായ പാരമ്പര്യം നിലനിർത്തി പുതുവർഷത്തെ നമുക്ക് വരവേൽക്കാം.

ഏവർക്കും നവവത്സരാശംസകൾ.

ബഥേൽ പത്രിക
Since 1987

Bethel Pathrika, P. B. No. 38, Chengannur, Kerala 689 121
+91 479 2451331
bethelpathrika@gmail. com www. bethelpathrika. org

**പത്രാധിപസമിതി**

വരിസംഖ്യ 150 രൂപ

| | |
|---|---|
| രക്ഷാധികാരി | **പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് III തിരുമേനി** |
| മാനേജിംഗ് എഡിറ്റർ | **അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ** 9447718511 |
| പബ്ലീഷർ | **റവ. ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ** 9447211805 |
| ചീഫ് എഡിറ്റർ | **റവ. ഫാ. മാത്യു വർഗ്ഗീസ് പുളിമൂട്ടിൽ** 9495765393 mathewvarghese678@gmail. com |
| എക്സിക്യൂട്ടീവ് എഡിറ്റർ | **റവ. ഫാ. മത്തായി സഖറിയ ഇടവങ്കാട്** |
| എഡിറ്റർ | **ഡോ. ബിൻസി റജി ആറ്റുവാ** |
| അസോസിയേറ്റ് എഡിറ്റർ | **ശ്രീ. വർഗ്ഗീസ് ജോൺ തോട്ടപ്പുഴ** |
| സർക്കുലേഷൻ മാനേജർ | **ഡീക്കൻ റിനോ കെ. മാത്യു.** |
| അംഗങ്ങൾ | **ശ്രീ. ഷാജൻ മാത്യൂസ് പേരിശ്ശേരി** |
| | **ശ്രീ. സജി പട്ടരുമഠം ബുധനൂർ** |
| | **ശ്രീ. സിബി മത്തായി ഇടനാട്** |
| | **ശ്രീ. എബി അലക്സാണ്ടർ പുത്തൻകാവ്** |
| | **ശ്രീ. ബിനോയി പി. ജോർജ്ജ് കുടശ്ശനാട്** |
| | **ശ്രീ. ചിൽസ് തോമസ് കോശി ക്ലർത്തമല** |
| | **ശ്രീ. ജോർജ്ജ് വർഗ്ഗീസ് (PRO) പുത്തൻകാവ്** |
| | **ശ്രീ. റെജി ജോർജ്ജ് വെണ്മണി** |





## ഇതളുകളിൽ


| | | |
|---|---|---|
| 5 | ഇടയപത്രിക | ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ |
| 6 | പുതുവർഷം | ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ |
| 8 | ദനഹായുടെ പൊരുൾ | ഫാദർ. ഡോ. സണ്ണി ചാക്കോ, കുന്നംകുളം |
| 11 | സുന്ത്രോണിസോ | ഫാ. ഡോ. മാത്യു വർഗ്ഗീസ് |
| 13 | കുരിശ്.... ഒരു സ്നേഹഗാഥ | ഫാ. ഫിലിപ്പ് തരകൻ, തേവലക്കര |
| 16 | പെന്തിക്കോസ്തി പെരുന്നാൾ | ഫാ. ജോബ് സാം മാത്യു കൊടുമൺ |
| 19 | ആലയം ശൂന്യമായിരിക്കെ തട്ടിട്ട വീടുകളോ? | ഫാ. ഷാനു ഏബ്രഹാം ബുധനൂർ |
| 22 | Beware and Aware | Fr. Renny Thomas |
| 24 | പ്രാഥമിക ലിസ്റ്റും അന്തിമ ലിസ്റ്റും | വർഗീസ് ജോൺ, തോട്ടപ്പുഴ |
| 27 | ബാലപത്രിക | |
| 28 | ക്വിസ് 5 | |
| 29 | ക്രൈസ്തവലോക വാർത്ത | |
| 30 | ഭദ്രാസന വാർത്തകൾ | |

ഇടയപത്രിക

## ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ

കർത്താവിൽ പ്രിയരേ,

ദൈവ കൃപയാൽ കോവിഡിന് ശേഷം അനുഗ്രഹീത മായ ക്രിസ്മസ് ശുശ്രൂഷകൾക്കും, അതുമായി ബന്ധപ്പെട്ട മറ്റ് ആഘോഷങ്ങൾക്കും ശേഷം പുതുവത്സരത്തെ വര വേൽക്കുവാൻ ലോകം ഒരുങ്ങി കഴിഞ്ഞു. കഴിഞ്ഞതിനെ മറക്കുവാനും, പുതിയ പ്രതീക്ഷകളോട് കൂടെ പുതുവത്സ രത്തെ വരവേൽക്കുവാനും നമുക്ക് കഴിയണം. ആത്മാർത്ഥത ഇല്ലാത്തെ ശപഥങ്ങൾ അല്ല ആത്മാവിൽ തട്ടിയുള്ള തീരുമാനങ്ങൾ ആണ് ആവശ്യം. കഴിഞ്ഞ കാലത്തെ കുറവുകളും, പരാജയങ്ങളും മനസിലാക്കി 2023 ന്റെ പടിവാതുക്കൽ നിന്നുകൊണ്ട് മുറിപ്പെടുത്തുന്ന ഓർമ്മകൾ എന്നേക്കുമായി കുഴിച്ചിട്ട് വ്യക്തമായ ദിശാബോധത്തോടെ പുതിയ വർഷത്തിൽ പ്രേവേശിക്കുവാൻ നമുക്ക് ഇടയാകണം. ഒറ്റപ്പെടലിന്റെയും രോഗാതുരമായ ജീവി തശൈലിയുടെയും ഭീകരത തിരിച്ചറിയേണ്ട ഒരു കാലഘട്ടമാണ് നമുക്ക് മുമ്പിൽ ഉള്ളത്. കോവിഡിന്റെ വിളമ്പരങ്ങൾ അവിടവിടെയായി വീണ്ടും കേട്ട് തുടങ്ങുന്നു. ധനം അല്ല ആരോഗ്യം ആണ് വലിയ സമ്പത്ത് എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. വിഷമയം അല്ലാത്ത ഉൽപ്പനങ്ങൾ ഉണ്ടാക്കുന്നതിലും അതിൽ സ്വയംപര്യാ പ്തത കൈവരിക്കുവാനും ഉള്ള ശ്രമം ഇനിയും ഉണ്ടായേ മതിയാകൂ. നമ്മുടെ ആവശ്യത്തിന് ഉള്ള പച്ചക്കറി എങ്കിലും നട്ടു വളർത്തി ഉപയോഗിക്കുവാൻ നമ്മുടെ ഭവനങ്ങൾ ഇനിയും ശ്രദ്ധിക്കണം. ഉപഭോക്ത സംസ്ക്കാരവും, പരസ്യങ്ങളുടെ പിന്നിലെ പൊള്ളത്തരങ്ങളും തിരിച്ചറിഞ്ഞു ജീവിക്കുവാൻ നാം ശ്രദ്ധിക്കണം.

പരസ്പരം കരുതുവാനും, സ്നേഹം പങ്കിടുവാനും നാം മറന്നു പോകുന്നു. ആ ശ്രേഷ്ഠമായ സംസ്ക്കാരം നമ്മുടെ ഇടയിൽ നിന്ന് അന്യം വന്നിരിക്കുന്നു. ഒരു മതിൽ കെട്ടിനുള്ളിൽ നമ്മുടേതായ ഒരു ലോകത്ത് ജീവിക്കുവാൻ ആണ് ഇന്ന് എല്ലാവരും ഇഷ്ടപ്പെടുന്നത്. പുതിയ വർഷം പരസ്പരം അറിയുവാനും, കരുതുവാനും, സ്നേഹിക്കു വാനും ഇടയാകട്ടെ. വിവാഹ ജീവിതത്തിലേക്ക് പ്രവേശി ക്കുന്ന നമ്മുടെ യുവതി യുവാക്കൾ ഒരു വിശുദ്ധ കൂദാശ യിലൂടെ ഒന്നായി തീർന്നിരിക്കുന്നു എന്ന ബോധ്യം ഇല്ലാതെ മാനസീക പിരിമുറുക്കത്തിൽ കഴിയുന്നതും, വിവാഹ ജീവിതം വേർപെടുത്തുവാൻ ഉള്ള ത്വര വളരെ ഉണ്ടാവുന്നതും നമ്മെ ആശങ്കപ്പെടുത്തുന്നു. പരസ്പരം മനസിലാക്കുവാനും, ക്ഷമിക്കുവാനും, തുറന്ന് സംസാരി ക്കുവാനും ഉള്ള സാഹചര്യം കുടുംബങ്ങളിൽ ഉണ്ടാകണം. കുടുംബ പ്രാത്ഥനയും, തീൻമേശയിലെ കുടുംബ സംഗമങ്ങളും വീട്ടിലെ സഭയുടെ വിശുദ്ധിയും ഇഴ മുറിയാതെ കാത്ത് സൂക്ഷിക്കുവാൻ ഉള്ള ശ്രമം പുതിയ വർഷത്തിൽ ഉണ്ടാകേണ്ടാതായിട്ടുണ്ട്.

വിദ്യാഭ്യാസം എന്നത് കേവലം ഒരു ജോലിക്ക് വേണ്ടി മാത്രം ആകാതെ സഭക്കും സമൂഹത്തിനും നന്മയുടെ പുതിയ തിരിനാളം തെളിയിക്കുവാൻ തക്ക ഊർജ്ജം പകരുവാൻ കൂടി ആയിരിക്കണം. തെറ്റായ സൗഹൃദങ്ങളും, ദിശാബോധം ഇല്ലാത്ത ജീവിതവും, സ്വയം ഇല്ലാതാക്കുന്ന മയക്കുമരുന്ന് പോലെയുള്ള അനാശാസ്യ പ്രവർത്തനങ്ങളും കണ്ടില്ല എന്ന് വെച്ച് നിസംഗതയോടെ മുമ്പോട്ട് പോകുവാൻ നമുക്ക് ആവില്ല. അത്തരം പുഴുക്കുത്തുകളെ തിരിച്ചറിയു വാനും ഉന്മൂലനം ചെയ്യുവാനും നമുക്ക് കടമയുണ്ട്.

മുതിർന്നവരോട് ഉള്ള ബഹുമാനം, അവരോടു ഉള്ള കരുതൽ, ദൈവത്തോടുള്ള ബന്ധം, ഇടവകയോടും, അതുവഴി വിശുദ്ധ സഭയോടും നമുക്ക് ഉള്ള പ്രതിബദ്ധത എന്നിവ എപ്രകാരം നാം നിർവ്വഹിക്കുന്നു എന്നത് വളരെ പ്രാധാന്യത്തോടെ കാണേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ എല്ലാ കാര്യങ്ങളിലും ഒരു പുനർവിചിന്തനവും, അതിന് ആനുപാതികമായ മാറ്റവും നമുക്ക് ഉണ്ടാവണം.

വീണ്ടും പ്രിയരേ,

ദൈവഹിതം ആകയാൽ ബലഹീനനായ നമ്മെ ചെങ്ങന്നൂർ മെത്രാസന ശുശ്രൂഷയിൽ പരിശുദ്ധ ബാവ തിരുമനസ് കൊണ്ട് കൽപ്പിച്ച് നിയമിച്ച വിവരം ഇതി നോടകം തന്നെ നിങ്ങൾ എല്ലാവരും അറിഞ്ഞു കാണുമല്ലോ. അതിന്റെ പൂർത്തികരണമായി സൂന്ത്രോനീസോ ശുശ്രൂഷ പരിശുദ്ധ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിലും അഭിവന്ദ്യ സഹോദര മെത്രാപ്പോലീത്തമാരുടെ സഹകാർ മ്മികത്വത്തിലും 2023 ജനുവരി മാസം ഒന്നാം തീയതി നമ്മുടെ ബഥേൽ അരമനയിൽ വെച്ച് നടന്നു. പരിശുദ്ധ ബാവ തിരുമേനിയോടും അഭിവന്ദ്യ പിതാക്കന്മാരോടും, ബഹു. വൈദീക ശ്രേഷ്ഠരോടും, ശുശ്രൂഷയിൽ പങ്കെടുക്കുകയും, അടുത്തും, അകലയും ഇരുന്ന് പ്രാത്ഥനയിൽ പങ്കാളികൾ ആയ എല്ലാവരോടും ഉള്ള നിസ്സീമമായ നന്ദിയും സ്നേ ഹവും ഈ അവസരത്തിൽ കുറിക്കട്ടെ. വിശുദ്ധ സഭ ബലഹീ നനായ നമ്മെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ നിറപടിയായി പൂർത്തീകരിക്കുവാൻ തുടർന്നും ഏവരുടെയും പ്രാർത്ഥന ആവശ്യപ്പെടുന്നു.

നിങ്ങൾക്കും നിങ്ങളുടെ കുടുംബത്തിനും സുരക്ഷി തവും, ആരോഗ്യകരവും, ഐശ്വര്യവും, സമാധാനവും നിറഞ്ഞ പുതുവത്സരാശംസകൾ നേരുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.



ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ
(ബാംഗ്ലൂർ ഭദ്രാസനം)

# പുതുവർഷം

'വർഷം' എന്ന വാക്കിന് മഴ എന്നുകൂടി അർത്ഥമുണ്ട്. അങ്ങനെയെങ്കിൽ പുതുവർഷം ഒരു പുതുമഴയാണ്. ദിവസങ്ങൾ മഴയായി പെയ്യുന്നു. പുതുമഴയിൽ രണ്ടു കാര്യങ്ങളാണ് സംഭവിക്കുക–പ്രകൃതിയും ഭൂമിയും ശുദ്ധീകരിക്കപ്പെടും, ഭൂമിയിൽ സസ്യങ്ങളുടെ പുതുനാമ്പുകൾ പൊട്ടിമുളക്കും. ശരിക്കും പുതുവർഷത്തിൽ സംഭവിക്കേണ്ടത് ഇവ രണ്ടുമാണ്. നമ്മുടെ ജീവിത പരിസരങ്ങളിൽ ഉള്ള എല്ലാ തിന്മയുടെ, അനീതിയുടെ, അശുദ്ധിയുടെ കഴുകിക്കളയൽ. അവിടെയൊക്കെ നന്മയുടെ, നീതിയുടെ, വിശുദ്ധിയുടെ നാമ്പുകൾ മുളയ്ക്കണം.

എല്ലാവരും ഒരുപോലെ പറയുന്നു, ചിന്തിക്കുന്നു 'ഈ പോക്ക്' ശരിയല്ലെന്ന്. മനുഷ്യന്റെ ഈ പോക്ക് ശരിയല്ല. നാം വല്ലാതെ മാറിയിരിക്കുന്നു; നമ്മുടെ യഥാർത്ഥ അവസ്ഥയിൽ നിന്നും.

**1. കരുണ വറ്റി, സ്വാർത്ഥത വർദ്ധിച്ചു**

അവനവനെക്കുറിച്ച്/ അവളവളെക്കുറിച്ച്/അവരവരെ കുറിച്ച് മാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്യുക. കുടുംബങ്ങളിലെയും മറ്റ് സമൂഹങ്ങളിലെയും എല്ലാ കലഹങ്ങളുടെയും പ്രധാന കാരണം സ്വാർത്ഥതയാണ്. സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കുവാനുള്ള യുദ്ധങ്ങളാണ് എവിടെയും. കുടുംബങ്ങളിൽ പോലും ഏറ്റവും കൂടുതൽ കേൾക്കുക 'ഞാൻ' 'എനിക്ക്' തുടങ്ങിയ വാക്കുകളാണ്. പാരസ്പരികത നഷ്ടമായ ഒരു കാലം. വിശേഷദിനങ്ങളിലും പ്രത്യേക സന്ദർഭങ്ങളിലും മാത്രം നടത്തുന്ന ചില 'ചാരിറ്റി'കൾക്കപ്പുറം നമ്മുടെ മനസ്സിൽ ആരും ഇല്ലാതെയാകുന്ന കാലമാണിത്. സ്മാർട്ട് ഫോണുകളും മറ്റും വന്നതോടെ, ഒരാളുടെ മുഖത്തേക്ക് നോക്കുവാൻ പോലും കഴിയാതെ കുനിഞ്ഞിരുന്ന് അവയിലേക്ക് മാത്രം ശ്രദ്ധിക്കുന്ന അവസ്ഥ. ചുറ്റുമുള്ള ഒരു ശബ്ദവും കേൾക്കുവാൻ കഴിയാത്തവിധം അത് രോദനമായാലും ആഘോഷമായാലും കാതുകൾ ഇയർ ഫോണുകളാൽ മുദ്രിതമാണ്. ഒരു പുരയ്ക്കുള്ളിൽ തന്നെ അവരവരുടെ മുറികളിൽ മാത്രം സന്തോഷം കണ്ടെത്തുന്നവർ. അയൽക്കാരെ കാണുവാനോ അവന് /അവൾക്ക് നമ്മെ കാണുവാനോ കഴിയാത്ത വിധം വീടിന് ചുറ്റുമുള്ള മതിലുകൾക്ക്

ഉയരം വർദ്ധിച്ചിരിക്കുന്നു. നാട്ടുപാതയും നടപ്പാതയും ഉപേക്ഷിച്ച് ഹൈവേയും ഹൈസ്പീഡ് വാഹനങ്ങളും സൃഷ്ടിച്ചതിനാൽ കൂടെ സഞ്ചരിക്കുന്നവനെ കാണുവാൻ പോലും കഴിയാത്ത അവസ്ഥ. 'വികസനം' എന്ന് നാം അഭിസംബോധന ചെയ്യുന്ന മിക്കതും അവികസിത സ്വഭാവം കൈവരിച്ചിരിക്കുന്നു.

**2. മനുഷ്യന്റെ വിശുദ്ധി നഷ്ടമായിരിക്കുന്നു**

ദൈവസ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യകുലം പാപത്തിൽ വീണ് തേജസ്സ് നഷ്ടമായപ്പോൾ വീണ്ടെടുപ്പിനായി ദൈവം തന്റെ സ്വപുത്രനെ ബലിയായി നൽകി. എന്നാൽ പുനഃപ്രതിഷ്ഠിക്കപ്പെട്ട മനുഷ്യകുലം വീണ്ടും തേജസ്സ് നഷ്ടപ്പെടുത്തി, സൗന്ദര്യം നശിച്ച് അശുദ്ധിക്ക് വശംവദരാവുകയാണ്. അവരവർ നിർവചിക്കുന്ന നീതിയും വിശുദ്ധിയും ഒരാൾ ചെയ്യുന്നതെല്ലാം ശരിയെന്ന അവകാശവാദത്തിലേക്ക് മനുഷ്യനെ എത്തിച്ചിരിക്കുന്നു. അളവുകോലുകൾ അവരവർ സൃഷ്ടിക്കുകയും അവ ഉപയോഗിച്ച് അവരവർ തങ്ങളെ തന്നെ അളക്കുകയും ചെയ്യുമ്പോൾ പിന്നെയെല്ലാം ശരി തന്നെയായിരിക്കും. ശരീരവും മനസ്സും കണ്ണും കാതും എല്ലാം കടിഞ്ഞാൺ ഇല്ലാതെ പായുകയാണ്. Pleasure (സുഖം) മാത്രമാണ് ലക്ഷ്യം. ഓരോ ചിന്തയും പ്രവർത്തിയും കൂടുതൽ സുഖം തേടിയുള്ളവയായി പരിണമിക്കുകയാണ്. ഒന്നിലും തൃപ്തി അടയുവാൻ കഴിയാത്ത പ്രയാണത്തിലാണ് മനുഷ്യൻ. ഓരോ കാഴ്ചയും വേഴ്ചയും അടുത്തവയിലേക്കുള്ള ഇന്ധനമായി മാറുന്ന ഒരു വൃത്തികെട്ട കാലം. പിഞ്ചുകുഞ്ഞുങ്ങളോട് പോലും കാമാർത്തി തീർക്കുന്ന കാലം. സുഖത്തിനു വേണ്ടി കൊല്ലുവാൻ പോലും മടിയില്ലാത്ത കാലം.

**3. എല്ലാം ബൗദ്ധികമാകണമെന്ന ചിന്ത**

മറ്റെല്ലാ ജീവജാലങ്ങളിൽ നിന്നും മനുഷ്യനെ വ്യത്യസ്തരാക്കുന്നത് ചിന്താശക്തിയും സ്വതന്ത്ര ഇച്ഛാശക്തിയും ആണ്. എന്നാൽ പ്രപഞ്ചത്തിൽ ഉള്ളതിനെ എല്ലാം അളക്കുവാനും മനസ്സിലാക്കുവാനും മനുഷ്യന് സാധിക്കുമെന്ന് ചിന്തിക്കുന്ന ഒരു മൂഢ കാലമാണിത്. അത്തരം ചിന്തയിൽ നിന്നും ഉത്ഭവിക്കുന്ന നിരീശ്വരവാദത്തിന്റെയും വിശകലന വൈദഗ്ദ്ധ്യത്തിന്റെയും കാലം. ആർട്ടിഫിഷൽ ഇന്റലിജൻസ് വികസിപ്പിച്ച് പ്രപഞ്ചത്തിലുള്ള സകലത്തെയും തന്റെ വരുതിയിൽ ആക്കാം എന്ന് ചിന്തിക്കുന്ന കാലം. തീർച്ചയായും ആർട്ടിഫിഷൽ ഇന്റലിജൻസ് ലോകത്തിനും മനുഷ്യനും പ്രയോജനപ്പെടുന്ന ഒരു ശാസ്ത്രശാഖയാണ്. എന്നാൽ മനുഷ്യനെ അടക്കി ഭരിക്കുവാനുള്ള തീവ്രാഭിലാഷത്തിന്റെ ഒരു ഉപകരണമായി അത് മാറുന്ന കാലം. ദൈവമല്ല മനുഷ്യനാണ് എല്ലാം എന്ന് ഉറക്കെ ചിന്തിക്കുന്നവരുടെ, വിളിച്ച് പറയുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്ന കാലം. ദൈവത്തെ വിളിക്കുന്നവരും വിശ്വസിക്കുന്നവരും തന്നെ മതാനുഷ്ഠകരായി മാത്രം പരിണമിക്കുന്ന കാലം. മതത്തെ സ്വന്തം ജീവിതമാർഗ്ഗമായി മാത്രം കാണുന്ന പുരോഹിതർ വർദ്ധിച്ചു വരുന്ന കാലം. ആരാധനയ്ക്ക് പകരം ആഘോഷങ്ങളുടെയും ആർപ്പുവിളികളുടെയും ശബ്ദം വല്ലാതെ ഉയരുന്ന കാലം. ആത്മീകതയ്ക്ക് വല്ലാതെ കുറവ് വരുന്ന കാലം.

**4. ആർത്തിയും അത്യാഗ്രഹവും വർദ്ധിച്ചിരിക്കുന്നു.**

ഭൂരിഭാഗം മനുഷ്യരും തൃപ്തരല്ല. സമ്പന്നരും അഗതികളും ഒരുപോലെ. പല തലമുറകൾക്ക് അനുഭവിക്കുവാൻ സമ്പത്തുണ്ടായിട്ടും തൃപ്തിയില്ലാതെ ജീവിക്കുന്നവർ. പാവപ്പെട്ടവനായതിന്റെ, ആഗ്രഹത്തിന് ഉയരുവാൻ കഴിയാത്തതിന്റെ, നിരാശപേറി ജീവിക്കുന്നവർ. (പാവപ്പെട്ടവർ ഉയർച്ച വരുവാൻ ശ്രമിക്കണം. എന്തെങ്കിലുമൊക്കെയുള്ളവർ അതിന് കൈത്താങ്ങൽ നൽകണം). ആരാധിക്കുവാൻ ഒരുവിധം ഭംഗിയുള്ള ദേവാലയം ഉണ്ടായിട്ടും വലുതാകുവാൻ കോടികൾ മുടക്കി പുതു ദേവാലയം പണിയുന്നവർ. താമസിക്കുവാൻ സൗകര്യപ്രദമായ വീട് ഉണ്ടായിട്ടും തലയെടുപ്പ് കാട്ടുവാൻ സൗധങ്ങൾ പണിയുവാൻ ശ്രമിക്കുന്നവർ. ജീവിതപങ്കാളിയിൽ തൃപ്തി ഇല്ലാത്തവർ. അപ്പനും അമ്മയ്ക്കും 'സ്റ്റാൻഡേർഡ്' പോരന്ന് ചിന്തിക്കുന്ന മക്കൾ. സഹോദരങ്ങൾക്ക് തങ്ങളുടെ അത്രയും അന്തസ്സില്ലെന്നു ചിന്തിച്ച് അവരെ അകറ്റിനിർത്തുന്ന സഹോദരങ്ങൾ. സാമൂഹ്യ ജീവിതത്തിന്റെ ലയം നഷ്ടപ്പെട്ട കാലം. സ്വന്തം താല്പര്യങ്ങൾക്കും തൃപ്തിക്കും വേണ്ടി എന്തും ചെയ്യുന്ന കാലം. ആർത്തിയും ആഗ്രഹവും അത്യാഗ്രഹവും വർദ്ധിച്ച് പരിസരങ്ങളിൽ ഉള്ള എല്ലാവരെയും എല്ലാ ബന്ധങ്ങളെയും 'ഉപയോഗിച്ച്' വളരുവാൻ ശ്രമിക്കുന്ന കാലം. കാലങ്ങളായി അനീതി എന്ന് പറഞ്ഞവയൊക്കെ നീതി എന്ന് നിർവചിക്കുവാൻ തീരുമാനിച്ച കാലം.

ഇനിയുമുണ്ട് പുതുവർഷത്തിൽ ഒഴുകി പോകേണ്ട ഏറെ കാര്യങ്ങൾ. നമ്മുടെ ചിന്തയ്ക്കും പ്രവർത്തിക്കും ജീവിതത്തിനും ഒരു ശുദ്ധീകരണത്തിന്റെ ആവശ്യമുണ്ടെന്ന് ഈ പുതുവർഷം നമ്മെ ഓർമിപ്പിക്കുന്നു. പുതുമഴയിൽ പുതിയ നാമ്പുകൾ മുള പൊട്ടുന്നതുപോലെ നമ്മുടെ ജീവിത സാഹചര്യങ്ങളിൽ ചില നന്മകൾ മുളപൊട്ടി വളരുവാൻ പുതുവർഷത്തിൽ ഇടയാകട്ടെ.

**1. കനിവിന്റെയും കരുതലിന്റെയും കാലം ഉണ്ടാകട്ടെ.**

സഹോദരന്റെ, സഹോദരിയുടെ കാവൽക്കാർ നാം തന്നെയാണെന്ന് ബോധത്തിലേക്ക് ഈ കാലം നമ്മെ നയിക്കട്ടെ. ആദിമസഭയിലെപ്പോലെ സ്നേഹിക്കുന്ന, കരുതുന്ന കൂട്ടായ്മകൾ ആകട്ടെ നമ്മുടെ സമൂഹങ്ങൾ. കർത്താവിന്റെ കനിവിലാണ് നാം ജീവിക്കുന്നത് എന്ന്

ശേഷം 12-ാം പേജിൽ



ഫാദർ. ഡോ. സണ്ണി ചാക്കോ, കുന്നംകുളം

# ദനഹായുടെ പൊരുൾ

കൊളോണിയൽ അധിനിവേശത്തിന്റെ സ്വാധീനത്തിൽ ക്രിസ്മസിന് പ്രചാരം സിദ്ധിക്കുന്നതിന് മുൻപ്, പൂർവ്വികസഭകളിൽ ആചരിച്ചുവന്നിരുന്ന സുപ്രധാനമായ ഒരു പെരുന്നാളായിരുന്നു ദനഹ. ക്രിസ്തുവർഷം നാലാം നൂറ്റാണ്ട് മുതൽ ഈ പെരുന്നാൾ, പുരാതന സഭകൾ ആചരിച്ചു വന്നിരുന്നതായി സഭാ പിതാക്കന്മാരുടെ രചനകളിൽ സൂചനകളുണ്ട്. ജനുവരി മാസത്തിൽ വ്യത്യസ്ത തീയതികളിലായിരുന്നു പല സഭകളും ഈ പെരുന്നാൾ ആചരിച്ചിരുന്നത്. യേശുവിന്റെ മാമോദിസായുടെ സൂചനയായും, മൂന്ന് വിദ്വാന്മാരുടെ സന്ദർശനത്തിന്റെ ഓർമ്മയിലും, വിവിധസഭകൾ ഈ പെരുന്നാൾ ആചരിച്ചു വരുന്നുണ്ട്. Theophany, Epiphany തുടങ്ങിയ പേരുകളിലും ഈ പെരുന്നാൾ അറിയപ്പെടുന്നുണ്ട്. മനുഷ്യാവതാരം ചെയ്ത യേശുവിനെ വെളിപ്പെടുത്തുന്ന ഒരു സമ്പൂർണ്ണ ആഘോഷമായാണ് പൗരസ്ത്യ സഭകൾ ഈ പെരുന്നാൾ ആഘോഷം ആരംഭിച്ചത്. പൗരസ്ത്യ ഓർത്തഡോക്സ് സഭയിൽ വെള്ളം ശുശ്രൂഷയാണ് ദനഹആരാധനയിൽ ക്രമീകരിച്ചിരിക്കുന്നത്. വിശുദ്ധ മാമോദിസയിലൂടെ യോർദാനിലെ ജലം വിശുദ്ധീകരിക്കപ്പെട്ടു എന്നും, അതിലൂടെ സമസ്ത ജലാശയങ്ങളും ശുദ്ധീകൃതമായി എന്നും, പഞ്ചഭൂതങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ജലം ജീവജാലങ്ങളുടെ അവിഭാജ്യഘടകമായതിനാൽ വെള്ളം വാഴ്‌വിലൂടെ സമസ്ത ജീവജാലങ്ങളും ശുദ്ധീകരിക്കപ്പെടുന്നു എന്നും വിശാലഅർത്ഥത്തിൽ ഗ്രഹിക്കാവുന്നതാണ്.

ദനഹാ പെരുന്നാൾ പരമ്പരാഗതമായി ജനുവരി 6 ന് ആഘോഷിക്കുന്നു. യോർദ്ദാൻ നദിയിൽ യേശുവിന്റെ മാമോദീസയെ അനുസ്മരിച്ചുകൊണ്ട് പൗരസ്ത്യ സഭകൾ ഈ ദിവസം കർത്താവിന്റെ മാമോദീസയുടെ പെരുന്നാളായാണ് ആഘോഷിക്കുന്നത്. ഗ്രിഗോറിയൻ കലണ്ടറുമായുള്ള 13 ദിവസത്തെ വ്യത്യാസം മൂലം, ജൂലിയൻ കലണ്ടർ പിന്തുടരുന്ന പൗരസ്ത്യ സഭകൾ ജനുവരി 19ന് എപ്പിഫനി ആചരിക്കുന്നു. പാശ്ചാത്യസഭ പ്രധാനമായും കിഴക്കിന്റെ ജ്ഞാനികൾ യേശുവിനെ ആരാധിക്കുന്നതിനായി ബെത്‌ലഹേമിലേക്കു വന്നുചേർന്ന സന്ദർശനത്തെ അനുസ്മരിക്കുന്നു. അതിനർത്ഥം പൗരസ്ത്യ സഭകൾ, മിശിഹായുടെ വെളിപാട് ദനഹായിലൂടെ, പ്രകാശിപ്പിക്കുകയും വെളിപ്പെടുത്തുകയും പ്രഖ്യാപിക്കുകയും ചെയ്ത ദിവസമായി കണക്കാക്കി. എന്നാൽ പാശ്ചാത്യ സഭകൾ ലൂക്കോസിന്റെ സുവിശേഷത്തിലെ 'വിജാതീയർക്ക് വെളിപാട്' എന്ന പരാമർശത്തെ അടിസ്ഥാനമാക്കി കിഴക്ക് നിന്നുള്ള യഹൂദേതര ജ്ഞാനികളുടെ വരവ് ഊന്നിപ്പറയുന്നു. കേരളത്തിൽ ഈ ദിവസം 'പിണ്ടി പെരുന്നാൾ' എന്നും 'രാകുളി പെരുന്നാൾ' എന്നും പ്രാദേശികമായി അറിയപ്പെടുന്നുണ്ട്.

വിശുദ്ധ ജോൺ ക്രിസോസ്റ്റം ദനഹായെ പരിശുദ്ധ സഭയിലെ മാമ്മോദീസയുമായി ബന്ധിപ്പിക്കുകയും ദനഹാ പെരുന്നാളിലൂടെ നമ്മുടെ സ്നാനത്തിന് അർത്ഥവ്യാപ്തി ലഭിക്കുകയും ചെയ്യുന്നു എന്നും പറയുന്നുണ്ട്. സ്വർണ്ണനാവുകാരനായ മാർ ഇവാനിയോസ് എന്ന പേരിലും അറിയപ്പെടുന്ന ആ പിതാവ് തന്റെ 'ഹോമിലീസിൽ' പ്രസ്താവിച്ചു. ''നമ്മുടെ സ്നാനത്തിലൂടെ, നമുക്കായി സ്വർഗ്ഗം തുറക്കുമെന്ന് കാണിക്കുന്നതിനാണ് സ്വർഗ്ഗം തുറക്കപ്പെട്ടത്. ദൈവം നമുക്ക് പ്രാപ്യമായിരിക്കുന്നു. അജ്ഞാതമായത് നമുക്ക് അറിയാൻ കഴിയും. നമുക്ക് മാറ്റാൻ കഴിയും. നമ്മിൽ ഒരു നല്ല പ്രവൃത്തി നടക്കുന്നു, വാഗ്ദത്തം നമ്മിൽ നിവർത്തിക്കുന്നതിനുള്ള മാർഗമുണ്ട്. 'ആ അർത്ഥത്തിൽ, ക്രിസ്തു, സ്നാപക യൂഹാനോനിൽ

നിന്ന് സ്വീകരിച്ച യോർദ്ദാനിലെ മാമോദിസ, ക്രൈസ്തവ മാമോദിസയുടെ സൂചനകൾ ധ്വനിപ്പിക്കുന്നുണ്ടെങ്കിലും, അതിലുപരിയാണ്. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലെ മർമ്മപ്രധാനമായ ഈ സംഭവത്തെ വിവരിക്കുന്നതിന് സഭാ പിതാക്കന്മാർ ഉപയോഗിച്ചുവന്ന ഒരു സുറിയാനി പദമാണിത്. പൗരസ്ത്യ സുറിയാനിയിൽ 'ദനഹ' എന്നും പാശ്ചാത്യ സുറിയാനിയിൽ 'ദനഹോ' എന്നും ഈ പദം ഉപയോഗിക്കുന്നുണ്ട്. പേർഷ്യൻ സഭയുമായുള്ള മലങ്കരസഭയുടെ ബന്ധം മൂലം, നമുക്ക് ലഭിച്ചതാണ് 'ദനഹ' എന്ന പൗരസ്ത്യ സുറിയാനിപദം.

യേശുക്രിസ്തുവിന്റെ മാമോദിസ, സുവിശേഷകന്മാർ വിവരിക്കുമ്പോൾ സുപ്രധാനമായ മൂന്ന് കാര്യങ്ങൾ ഭംഗ്യന്തരേണ വിശദീകരിക്കുന്നുണ്ട്.

1. **യേശു മിശിഹായാണെന്ന് യോഹന്നാൻ സാക്ഷിക്കുന്നത്.**

സ്നാപക യോഹന്നാൻ യേശുവിനെ കുറിച്ച് പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ് 'ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും അവൻ ഇസ്രായേലിനു വെളിപ്പെടേണ്ടതിന് ഞാൻ വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ വന്നിരിക്കുന്നു. ആത്മാവ് ഒരു പ്രാവ് പോലെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരുന്നത് ഞാൻ കണ്ടു; അത് അവന്റെമേൽ വസിച്ചു. ഞാനോ അവനെ അറിഞ്ഞില്ല; എങ്കിലും വെള്ളത്തിൽ സ്നാനം കഴിപ്പിപ്പാൻ എന്നെ അയച്ചവൻ എന്നോട്: ആരുടെ മേൽ ആത്മാവ് ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുമോ അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു എന്ന് പറഞ്ഞു. അങ്ങനെ ഞാൻ കാണുകയും ഇവൻ ദൈവപുത്രൻ തന്നെ എന്ന് സാക്ഷ്യം ചെയ്തിരിക്കുന്നു.' (യോഹന്നാൻ 1:31-34). സ്നാപക യോഹന്നാൻ യേശുവിന് മാമോദിസ നൽകുന്നതിലൂടെ യേശു മിശിഹായാണെന്ന് വെളിപ്പെടുത്തുന്നു.

2. **യേശു ദൈവപുത്രൻ എന്ന് പിതാവാം ദൈവം സാക്ഷിക്കുന്നത്.**

യേശുവിന്റെ മാമോദിസ സമയത്ത് സ്വർഗ്ഗം തുറന്ന്, നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ സംപ്രീതനായിരിക്കുന്നു എന്ന അശരീരി ഉണ്ടായതായി യോഹന്നാൻ സാക്ഷിക്കുന്നുണ്ട്. പഴയ നിയമ പ്രവചനങ്ങളും, പുതിയ നിയമത്തിൽ മാതാവിനോടുള്ള വചനിപ്പ് മുതൽ നിരവധി സന്ദർഭങ്ങളിലും യേശു ദൈവപുത്രനായ രക്ഷകനാണെന്ന് സൂചനയുണ്ടെങ്കിലും, ദനഹായിലാണ് പിതാവാം ദൈവം ഇക്കാര്യം സംശയത്തിനിടവരാതവണ്ണം സാക്ഷിക്കുന്നത്. വിശുദ്ധ ലൂക്കോസ് ഇപ്രകാരം രേഖപ്പെടുത്തുന്നു. 'ജനം എല്ലാം സ്നാനമേൽക്കുകയിൽ യേശുവും സ്നാനമേറ്റു പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം തുറന്നു. പരിശുദ്ധാത്മാവ് ദേഹ രൂപത്തിൽ പ്രാവ് എന്നപോലെ അവന്റെ മേൽ ഇറങ്ങിവന്നു. നീ എന്റെ പ്രിയപുത്രൻ നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദവും ഉണ്ടായി' (3. 21, 22). ഇവിടെ ദനഹായുടെ രണ്ടാമത്തെ വെളിപാട് സാർത്ഥകമാകുന്നു.

3. **പരിശുദ്ധ ത്രിത്വം വെളിപ്പെടുന്നത്.**

പരിശുദ്ധ ത്രിത്വത്തിന്റെ സമ്പൂർണ്ണമായ വെളിപാട് സഫലമായി ദർശിക്കുന്നത് യേശുവിന്റെ മാമോദിസായിലാണ്. നീ എന്റെ പ്രിയപുത്രൻ എന്ന് പ്രഖ്യാപിക്കുന്ന പിതാവാം ദൈവത്തിന്റെ സാന്നിധ്യവും, സ്നാനമേൽക്കുവാൻ യോർദ്ദാനിൽ ആഗതനായ പുത്രനാം ദൈവത്തിന്റെ സാന്നിധ്യവും, പ്രാവെന്നപോലെ പുത്രനിൽ ഇറങ്ങി ആവസിച്ച പരിശുദ്ധ റൂഹായുടെ സാന്നിധ്യവും പരിശുദ്ധ ത്രിത്വത്തിന്റെ വെളിപാടായാണ് സഭാ പിതാക്കന്മാർ സാക്ഷിക്കുന്നത്. ഇവിടെ പരിശുദ്ധ ത്രിത്വത്തിന്റെ ഉദയം എന്ന ദനഹായുടെ തത്വം അർത്ഥപൂർണ്ണമായി.

ദനഹാ എന്ന വാക്ക് വെളിപാട് എന്ന അർത്ഥത്തിലും, ഉദയം എന്ന അർത്ഥത്തിലും, പ്രകാശം എന്ന അർത്ഥത്തിലും വ്യത്യസ്ത മാനങ്ങൾ ഉള്ളതാണ്. നാസിയാൻസസിലെ സെന്റ് ഗ്രിഗറി, യേശുവിന്റെ മാമോദിസായെപ്പറ്റി വിവരിക്കുന്നത് ഇങ്ങനെയാണ്; 'ക്രിസ്തു വെളിച്ചത്തിൽ കുളിച്ചു; നമുക്കും വെളിച്ചത്തിൽ കുളിക്കാം. ക്രിസ്തു മാമ്മോദീസ സ്വീകരിച്ചു; നമുക്കും അവനോടുകൂടെ ഇറങ്ങി അവനോടുകൂടെ എഴുന്നേൽക്കാം. യേശു അടുത്തു വരുമ്പോൾ യോഹന്നാൻ സ്നാനപ്പെടുത്തുന്നു. ഒരുപക്ഷേ അവൻ തന്റെ സ്നാപകനെ വിശുദ്ധീകരിക്കാൻ വരുന്നു; തീർച്ചയായും അവൻ വരുന്നത് പാപപൂർണമായ മനുഷ്യരാശിയെ വെള്ളത്തിൽ കുഴിച്ചിടാനാണ്. അവൻ നമ്മുടെ നിമിത്തവും നമുക്കുവേണ്ടിയും യോർദ്ദാനെ വിശുദ്ധീകരിക്കുവാൻ ആത്മാവും മാംസവുമുള്ളവൻ ആത്മാവിലൂടെയും ജലത്തിലൂടെയും ഒരു പുതിയ സൃഷ്ടി ആരംഭിക്കാൻ വരുന്നു''. ജനനത്തിൽ മാതാവിന്റെ മടിയിലും, മാമോദിസയിൽ യോർദാനിലും, രൂപാന്തരീകരണത്തിൽ താബോർ മലയിലും, പുനരുദ്ധാനത്തിൽ മഗ്ദലന മറിയത്തിന്റെ മുന്നിലും, സ്വർഗ്ഗാരോഹണത്തിൽ ശിഷ്യന്മാരുടെ മുന്നിലും, ക്രിസ്തു പ്രകാശവസ്ത്രം ധരിക്കുന്നതായി വചനം സൂചിപ്പിക്കുന്നുണ്ട്. ഇവിടെ, വ്യവസ്ഥിതികളുടേയും സംവിധാനങ്ങളുടേയും അപനിർമ്മാണം സംഭവിച്ചുകൊണ്ടിരിക്കുന്ന, നന്മയെ തിന്മയെന്നും, തിന്മയെ നന്മയെന്നും ചിത്രീകരിക്കുവാൻ വ്യഗ്രതപ്പെടുന്ന 'അന്ധകാരത്തി ലിരിക്കുന്ന ജനത്തിന് സമ്പൂർണ്ണ ദൈവവും സമ്പൂർണ്ണ മനുഷ്യനുമായ യേശു, മനുഷ്യരാശി കൈവരിക്കേണ്ടതായ തേജസ്കരണത്തിന്റെ സാഫല്യത്ത മുൻകൂട്ടി പ്രദർശിപ്പിക്കുകയായിരിക്കാം. ഇപ്പോൾ സമ്മതിക്ക, നിർവഹിക്കപ്പെടേണ്ടിയിരിക്കുന്നു എന്ന ക്രിസ്തുവിന്റെ വാക്കുകൾ ദനഹയുമായി

ബന്ധപ്പെട്ടിരിക്കുന്നു. പഴയനിയമ പൗരോഹിത്യം സക്കറിയായുടെ പുത്രനായ യോഹന്നാനിലൂടെ ക്രിസ്തുവിൽ സമർപ്പിക്കപ്പെടുവാനും, പുതിയനിയമ പൗരോഹിത്യം ക്രിസ്തുവിലൂടെ ആരംഭിക്കുവാനും യേശുവിന്റെ മാമോദിസ അനിവാര്യമാണെന്ന് ക്രിസ്തു സൂചിപ്പിക്കുകയായിരിക്കും. ക്രിസ്തുവിന്റെ മനുഷ്യാവതാര ജീവിതത്തിൽ പഴയനിയമ സൂചനകൾ സമ്പൂർണ്ണത പ്രാപിക്കുന്നതായി നിരവധി സന്ദർഭങ്ങളിൽ വചനം സ്പഷ്ടമായി വിവരിക്കുന്നുണ്ടല്ലോ. ആ അർത്ഥത്തിൽ യോഹന്നാനിൽ നിന്നുള്ള യേശുവിന്റെ മാമോദിസായും നീതിയുടെ നിവൃത്തിയായി ഗ്രഹിക്കാവുന്നതാണ്.

ആധുനിക മനുഷ്യൻ സ്വതന്ത്രചിന്ത പരിപോഷിപ്പിക്കുമ്പോഴും വ്യക്തിസ്വാതന്ത്ര്യം അനുഭവിക്കുമ്പോഴും, പുതുമ തേടുമ്പോഴും, സ്വാർത്ഥപരമായി മാത്രം ചിന്തിക്കുമ്പോഴും പഴയനിയമ പൗരോഹിത്യത്തിന്റെയും പുതിയനിയമ പൗരോഹിത്യത്തിന്റെയും സൂചനാപരമായ സമ്മേളനം എന്ന നിലയിൽ ദനഹാ നമ്മെ ഓർമിപ്പിക്കുന്ന ഒരു യാഥാർത്ഥ്യമുണ്ട്. നാം ഭൂതകാലത്തിന്റെ സ്വാധീനത്തിൽ ഭാവികാലത്തിനു വേണ്ടി പ്രത്യാശവെച്ചുകൊണ്ട് വർത്തമാനകാലത്തിൽ ജീവിക്കുന്നവരാണ്. ഭൂത -വർത്തമാന-ഭാവി കാലങ്ങളുടെ സമന്വയമാണ് ഇവിടെ സൂചിപ്പിക്കുക. ഓരോ വ്യക്തിയും അവൻ ജീവിക്കുന്ന പശ്ചാത്തലങ്ങളെയും സാഹചര്യങ്ങളെയും സമൂഹത്തെയും ഗുണപരമായോ, ഋണപരമായോ സ്വാധീനിക്കുന്നുണ്ട് എന്നുമാത്രമല്ല ഭാവിയിലും അതിന്റെ അനുരണനങ്ങൾ നിലനിൽക്കുന്നുണ്ടെന്നും തിരിച്ചറിയണം. കൂടാതെ പഴമയെ തള്ളുവാനും പുതുമയെ പുൽകുവാനും നവീനതലമുറ വ്യഗ്രതപ്പെടുന്നുണ്ടെങ്കിൽ, തിരിച്ചറിയണം പഴമയുടെയും പുതുമയുടെയും സമ്മേളനമാണ് അഭികാമ്യമെന്ന്. പഴമയുടെ അനുഭവങ്ങളിൽ നിന്നാണ് പുതുമയുടെ യാഥാർത്ഥ്യങ്ങളിലേക്ക് നാം സഞ്ചരിക്കുന്നത് എന്ന തത്വം ഗ്രഹിക്കണം. കൂടാതെ, പഴമയുടെ നിരാകരണം പോലും പഴമയുടെ പാഠങ്ങൾ അനുസ്മരിപ്പിക്കുന്നുണ്ട് എന്നത് ഒരു തത്വമാണ്.

എപ്പിഫാനിയുടെ ആഘോഷമായ ദനഹാ പെരുന്നാളിൽ, യെശയ്യാ പ്രവാചകനിൽ നിന്നുള്ള വളരെ അർത്ഥവത്തായ ഒരു ഭാഗം ഏറെ സംഗതമാണ് ''എഴുന്നേൽക്കുക, പ്രകാശിക്കുക; നിന്റെ വെളിച്ചം വന്നിരിക്കുന്നു; കർത്താവിന്റെ മഹത്വം നിന്റെമേൽ ഉദിച്ചിരിക്കുന്നു. ഇതാ, അന്ധകാരം ഭൂമിയെയും കനത്ത ഇരുട്ടു ജാതികളെയും മൂടുന്നു; എന്നാൽ കർത്താവു നിന്റെ മേൽ ഉദിക്കും; അവന്റെ മഹത്വം നിന്റെമേൽ പ്രത്യക്ഷമാകും. ജാതികൾ നിന്റെ വെളിച്ചത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയത്തിന്റെ പ്രകാശത്തിലേക്കും വരും'' (60:13). വെളിച്ചത്തിന്റെ അഭാവം ആണല്ലോ ഇരുട്ട്. ഇരുട്ടകറ്റുവാൻ, ഉണ്മയിൽ വെളിച്ചമായവന്റെ സാന്നിധ്യം അനുസ്യൂതം അനുഭവിക്കുവാനും, പ്രകാശമായിത്തീരുവാനും നമുക്കിടയാകണം. സൂര്യനെ പോലെ പ്രഭ ചൊരിയാനായില്ലെങ്കിലും, ഒരു മിന്നാമിനുങ്ങിനെ പോലെയെങ്കിലും അന്ധകാരത്തിൽ പ്രകാശമായി, സമൂഹത്തിൽ നന്മയുടെ പ്രകാശം പരത്തുവാൻ ഈ പ്രകാശത്തിന്റെ ദനഹാപെരുന്നാൾ നമ്മെ പ്രചോദിപ്പിക്കട്ടെ!

## ആറാം മാർത്തോമ്മാ അവാർഡ് –2023 നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു

പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ സ്ഥാപകനും, മലങ്കര മെത്രാപ്പോലീത്തായുമായിരു ആറാം മാർത്തോമ്മാ എന്ന നാമധേയത്തിൽ അറിയപ്പെടുന്ന ''വലിയ മാർ ദിവാന്യോസ് മെത്രാപ്പോലീത്തായുടെ'' പാവനസ്മരണയെ ശാശ്വതവൽക്കരിക്കുവാൻ ഇടവക ഏർപ്പെടുത്തിയ ആറാം മാർത്തോമ്മ അവാർഡിനു യോഗ്യരായ വ്യക്തികളെ തെരഞ്ഞെടുക്കുതിനുള്ള നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. 25,000/ രൂപയും പ്രശസ്തി പത്രവും അടങ്ങുതാണ് ടി അവാർഡ്.

ഭാരതത്തിന്റെ സാമൂഹ്യ സാമുദായിക, സാംസ്കാരിക മണ്ഡലങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കേരളീയനായ ഒരു വ്യക്തിക്കാണ് അവാർഡ് നൽകപ്പെടുന്നത്. നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിയുടെ സമഗ്രമായ സംഭാവനകളെക്കുറിച്ച് അരപേജിൽ കുറയാതെയുള്ള ഒരു വിവരണം കൂടി നാമനിർദ്ദേശത്തോടൊപ്പം, പ്രസിഡന്റ്, അവാർഡ് കമ്മറ്റി, സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ, പുത്തൻകാവ് പി.ഒ., ചെങ്ങന്നൂർ, പിൻ–689 123. puthencavupalli@gmail.com എന്ന വിലാസത്തിൽ 2023 ജനുവരി 20–ന് മുൻപായി അയച്ചു തരേണ്ടതാണ്.

**ഡോ. ജിബി ജോർജ്ജ്**
ജനറൽ കൺവീനർ 9446710671

**റവ. ഫാ. തോമസ് പി. നൈനാൻ**
പ്രസിഡന്റ്, അവാർഡ് കമ്മറ്റി 9447663222



ഫാ. ഡോ. മാത്യു വർഗ്ഗീസ്
(ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം)

# സുന്ത്രോണിസോ

സുന്ത്രോണിസോ എന്ന സുറിയാനി പദത്തിന്റെ അർത്ഥം സ്ഥാനാരോഹണം (enthronization on enthronment) എന്നാണ്. സുന്ത്രോണിസോ എന്ന സുറിയാനി പദം 'സിന്ത്രോണിസായ്' എന്ന ഗ്രീക്ക് വാക്കിൽ നിന്ന് രൂപം കൊണ്ടതാണ്. ആ പദത്തിന് ഒരുമിച്ച് കൂടുക, സിംഹാസനസ്ഥനാവുക എന്നീ അർത്ഥങ്ങൾ ഉണ്ട്.

പുരാതലകാലത്ത് രാജാക്കന്മാരും മെത്രാപ്പോലീത്തന്മാരും മതപരമായ ചടങ്ങുകളോടെ സിംഹാസനസ്ഥരാകുന്ന പാരമ്പര്യമുണ്ടായിരുന്നു. ഇതിന് രണ്ട് അർത്ഥതലങ്ങൾ ഉണ്ടായിരുന്നു. ഒന്ന്, തിരഞ്ഞെടുപ്പിലെ ദൈവീക അനുമതിയെ ഉറപ്പിക്കുക. രണ്ട് തെരഞ്ഞെടുപ്പിനെ ജനം അംഗീകരിക്കുക. മെത്രാപ്പോലീത്തന്മാരുടെ സുന്ത്രോണീസോ ശുശ്രൂഷയിൽ വായിക്കുന്ന സ്താത്തിക്കോൻ (അധികാരപത്രം) ദൈവികമായി ലഭ്യമാകുന്ന അധികാരത്തെ സൂചിപ്പിക്കുന്നതാണ്. ഉന്നതത്തിൽ നിന്ന് ലഭ്യമാകുന്ന ശുശ്രൂഷയുടെ ദൗത്യത്തെയും ഇത് സൂചിപ്പിക്കുന്നു. ശുശ്രൂഷയിൽ ജനസംഘം ആർക്കുന്ന ഓക്സിയോസ് (യോഗ്യൻ) വിളി. ദൈവിക തെരഞ്ഞെടുപ്പിനെ അംഗീകരിക്കുന്ന് ജനത്തിന്റെ വിശ്വാസ പ്രഘോഷണം കൂടിയാണ്. ദൈവികമായി ലഭ്യമായ മെത്രാപ്പോലീത്തായുടെ അധികാരത്തിന് വിധേയപ്പെടുന്നു എന്ന അർത്ഥം കൂടി ഇതിനുണ്ട്.

മലങ്കര ഓർത്തഡോക്സ് സഭയിൽ മറ്റെല്ലാ പൗരസ്ത്യ ഓർത്തഡോക്സ് സഭകളിലെയും പോലെ എപ്പിസ്കോപ്പൽ വാഴ്ചയിൽ സുന്ത്രോണീസോ നിർവ്വഹിക്കുന്നുണ്ട്. എന്നാൽ അതുകൂടാതെ മെത്രാസന ചുമതലയേൽക്കുന്ന മെത്രാപ്പോലീത്താ ഈ ശുശ്രൂഷ പ്രത്യേകമായും നിർവ്വഹിക്കുന്നു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ കാലത്താണ് മലങ്കരയിൽ ഇതിന് കൂടുതൽ പ്രചുര പ്രചാരം ലഭിക്കുന്നത്.

> **സുന്ത്രോണിസോ**
>
> **ഈ ഗ്രീക്കുപദത്തിന്റെ അർത്ഥം സ്ഥാനാരോഹണം എന്നാണ്. ഒരു എപ്പിസ്കോപ്പായെ മെത്രാപ്പോലീത്തായെ, കാതോലിക്കായെ, പാത്രിയർക്കീസോ സ്ഥാനം പ്രാപിച്ചിട്ട് തന്റെ ഇടവകയിലേക്ക് ചെന്ന് ആ ഇടവകയുടെ അധികാരം ഏൽക്കുന്നതായി കാണിക്കുന്ന സിംഹാസനാരോഹണ ശുശ്രൂഷയ്ക്കാണ് സുന്ത്രോണിസോ എന്നു പറയുന്നത്. ഈ ശുശ്രൂഷയിൽ പുതിയ മേൽപട്ടക്കാരനെ സിംഹാസനത്തിൽ ഇരുത്തി "ഒക്സിയോസ്" ചൊല്ലുകയും അദ്ദേഹത്തിന്റെ അധികാര പത്രം (സ്താത്തിക്കോൻ) വായിക്കുകയും ചെയ്യുന്നു.**

## സുന്ത്രോണീസോ അർത്ഥവും സന്ദേശവും

സുന്ത്രോണീസോയെ സംബന്ധിച്ചുള്ള സന്ദേശവും അർത്ഥവും ക്രിസ്തുവിന്റെ അധികാരത്തെ സംബന്ധിച്ചുള്ള പഠിപ്പിക്കലാണ്. യോഹ. 18:36 ൽ ക്രിസ്തു പറയുന്ന അധികാരം ഐഹികമല്ല. ഇത് ലോകപ്രകാരമുള്ള കീഴടക്കലിന്റെ അടക്കിവാഴുന്ന അധികാരത്തിന്റെ തലമല്ല മറിച്ച് സ്വയം ശൂന്യമാക്കി നിർവ്വഹിക്കുന്ന ശുശ്രൂഷയുടെ നിയോഗമാണ്. മത്താ. 7:29 ൽ പറയുന്ന പ്രകാരം ഇത് ഉപദേശിക്കുവാനും പഠിപ്പിക്കുവാനുള്ള അധികാരം കൂടിയാണ് ഈ ശുശ്രൂഷ നൽകുന്നത്.

ക്രിസ്തുവിന്റെ അധികാരം കേന്ദ്രീകരിക്കപ്പെടുന്നത് അവന്റെ ദൗത്യത്തോടുള്ള (Mission) ആഭിമുഖ്യത്തിലാണ്. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും, അനേകർക്കുവേണ്ടി തന്റെ ജീവന് മറുവിലയായി കൊടുപ്പാനും അത്രേ വന്നത് (മർക്കൊ 1:45). ഇത് ദാസനെപ്പോലെ ശുശ്രൂഷിക്കുവാനുള്ള സന്നദ്ധതയാണ്. എപ്പിസ്കോപ്പായെ ജനത്തിന്റെ ഇടയൻ എന്ന നിലയിലാണ് പൗരസ്ത്യ പാരമ്പര്യം വിശേഷിക്കുന്നത്. ക്രിസ്തുവിനെപ്പോലെ നല്ല ഇടയനായി മാറുവാനുള്ള നിയോഗം പൗരോഹിത്യ ശ്രേണിയിലുള്ള എല്ലാവർക്കുമുണ്ട്. തന്റെ ആടുകൾക്കുവേണ്ടി ജീവനെ വെടിയുന്ന സന്നദ്ധത ഈ ശുശ്രൂഷയുടെ തലത്തിൽ പ്രത്യേകമായി ഓർമ്മപ്പെടുത്തുന്നു.

7 -ാം പേജിൽ നിന്നും തുടർച്ച

### കിരീടവും സിംഹാസനവും

ഓർത്തഡോക്സ് പാരമ്പര്യത്തിൽ കിരീടത്തിനും സിംഹാസനത്തിനും പ്രാധാന്യമുണ്ട്. വി. മാമോദീസായിലും, വിവാഹ കൂദാശയിലും കിരീടധാരണം ശുശ്രൂഷയുടെ ഭാഗമാണ്. കിരീടധാരണം പ്രതീകാത്മകമായി നൽകുന്ന സൂചന ദൈവദത്തമായ അധികാരം തിന്മയ്ക്കെതിരെയുള്ള പോരാട്ടത്തിനായി കിരീടധാരിയെ സജ്ജമാക്കപ്പെടുന്നു എന്നുള്ളതാണ്. സിംഹാസനവും അധികാര സൂചകമാണ്. സിംഹാസനത്തിൽ ഇരുന്ന പഠിപ്പിക്കുന്ന എപ്പിസ്കോപ്പാ തന്റെ ആടുകളെ ദൈവീക സത്യത്തിൽ ഉറപ്പിക്കുന്നു. അതിന്റെ സൂചനയായി സുന്ത്രോണീസോ ശുശ്രൂഷയിൽ വൈദീകർ ഉയർത്തി പിടിച്ചിരിക്കുന്ന സിംഹാസനത്തിൽ ഇരുന്നു വിശുദ്ധ ഏവൻഗേലിയോൻ മെത്രാപ്പോലീത്താ വായിക്കുന്നു. ആധികാരികമായ പഠിപ്പിക്കൽ മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമാകുന്ന ശുശ്രൂഷ കൂടിയാണിത്. 'കത്തീദ്ര' എന്ന സിംഹാസനത്തിൽ ഇരുന്ന് വിശ്വാസ പഠിതാക്കളെ പഠിപ്പിക്കുന്ന യറുശലേമിലെ കൂറിലോസും, മിലാനിലെ അംബ്രോസും ആദിമ നൂറ്റാണ്ടിലെ എപ്പിസ്കോപ്പായുടെ ശുശ്രൂഷ എന്നായിരുന്നു എന്ന് ഓർമ്മിപ്പിക്കുന്നു.

### ഓക്സിയോസ്

ജനസംഘത്തിന്റെ പ്രഘോഷണമാണ് ഓക്സിയോസ്. ഇവൻ 'യോഗ്യൻ' എന്നയർത്ഥത്തിൽ ഉദ്ഘോഷിക്കുമ്പോൾ എപ്പിസ്കോപ്പായെ സ്വീകരിക്കുകയും അദ്ദേഹത്തിന് വിധേയമാക്കപ്പെടുകയും ചെയ്യുന്നു. 'ഓക്സിയോസിന്റെ' ചരിത്രം നൊമ്പരമുളവാക്കുന്നതാണ്. ആദിമ സഭയുടെ പീഢനത്തിന്റെ നാളുകളിൽ ജനത്തിന്റെ ഇടയന്മാരായി എഴുന്നേൽക്കുന്നവരെ സംഹരിക്കുവാൻ ക്രൈസ്തവ പീഢകർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. നേതൃത്വത്തെ ഇല്ലാതാകുമ്പോൾ ജനം ചിതറിപ്പോകുമെന്ന കണക്കുകൂട്ടലിൽ ഇടയന്മാരെ കൊടിയ പീഢനത്തിനും മരണത്തിനും വിധേയപ്പെടുത്തി. ക്രമേണ ആത്മീയ മേലദ്ധ്യക്ഷന്മാരായി വരുവാൻ നേതൃത്വ നൽവരമുള്ളവർ മടിച്ചിരുന്നപ്പോൾ അപ്രകാരമുള്ളവരെ കണ്ടെത്തി അവർ 'യോഗ്യൻ' എന്നു വിളിച്ചിരുന്നു. ഈ യോഗ്യത രക്തസാക്ഷിത്വത്തിനുള്ളതായിരുന്നു. ഓക്സിയോസ് വിളിച്ചിരുന്നത് രക്തസാക്ഷിത്വത്തിനുള്ള യോഗ്യത എന്നയർത്ഥത്തിലായിരുന്നു. സഭ സ്വാതന്ത്ര്യം പ്രാപിച്ചപ്പോഴും ആ പതിവ് വീണ്ടും തുടർന്നു.

ഓക്സിയോസ് മുൻ സൂചിപ്പിച്ചതുപോലെ ആടുകൾക്കുവേണ്ടി ജീവൻ വെടിയുവാനുള്ള യോഗ്യതയുടെ ഉദ്ഘോഷണം കൂടിയാണ്. അതോടൊപ്പം തങ്ങളുടെ കൂട്ടത്തിന്റെ തലവനായി വഴി കാണിച്ച് നയിക്കുവാനുള്ള നിലവിളിയാണ്. ക്രിസ്തുവിന്റെ സിംഹാസനത്തിലേക്ക്, ദൈവീക വിളിയിലും, ദൗത്യനിർവ്വഹണത്തിലും പ്രകാശിച്ച് മുന്നേറുവാനുള്ള ആഹ്വാനം കൂടിയാണിത്.

വിശ്വസിക്കുവാനും ആ കനിവിന്റെ ഗുണഭോക്താക്കൾ ആയ നമ്മിൽ നിന്നും ചുറ്റും നിൽക്കുന്നവർക്ക് കരുതലിന്റെ കരമായി മാറുവാനുള്ള വിളി ലഭിച്ചവരാണ് നാം എന്നുള്ള ബോധ്യത്തിലേക്ക് പുതുവർഷം നമ്മെ നയിക്കട്ടെ.

**2. വിശുദ്ധരായി ജീവിക്കുവാനുള്ള തീരുമാനങ്ങൾ ഉണ്ടാകട്ടെ.**

'ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരാകുവിൻ' എന്നും 'സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് സൽഗുണപൂർണ്ണനാകയാൽ നിങ്ങളും സൽഗുണ പൂർണരാകുവിൻ' എന്നും ഒക്കെയുള്ള കൽപ്പനകളെ ജീവിതത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ ആക്കുവാനുള്ള പ്രേരണ ഉണ്ടാകട്ടെ. വിശുദ്ധ ജീവിതത്തിന് ബദലായി നിൽക്കുന്ന എല്ലാറ്റിനെയും അകറ്റി നിർത്തുവാൻ, അവയിൽനിന്ന് അകന്നു നിൽക്കുവാനുള്ള തീരുമാനം ഉണ്ടാകട്ടെ. ആ തീരുമാനത്തിൽ ദൈവ കൃപയിറങ്ങി നമ്മെ ശക്തരാക്കട്ടെ. അതിനുവേണ്ട പ്രാർത്ഥനാ ജീവിതം നയിക്കുവാൻ ഇടയാകട്ടെ.

**3. ഒരു യോഗത്മക ദർശനം (Mystical) ഉണ്ടാകട്ടെ**

മനുഷ്യബുദ്ധിക്ക് ഗ്രഹിക്കുന്നതിനപ്പുറമുള്ള ഒരു തലം പ്രപഞ്ചത്തിന് ഉണ്ടെന്ന് ബോധ്യത്തിലേക്ക് നമ്മുടെ ബുദ്ധി വികസിക്കട്ടെ. അഗോചരങ്ങളായ ദൈവത്തിന്റെ വഴികളെ കുറിച്ചുള്ള ധ്യാനം നമ്മെ ഭരിക്കട്ടെ. പൗരസ്ത്യ ആത്മീകതയുടെയും ഭാരതീയ തത്വശാസ്ത്രത്തിന്റെയും പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ചിന്തിക്കുവാനും വിശകലനം ചെയ്യുവാനുമുള്ള ശ്രമങ്ങൾ ഉണ്ടാകട്ടെ.

**4. നീതി മാർഗത്തിൽ സമ്പാദിക്കുവാനും ഉള്ളതിൽ തൃപ്തിപ്പെടുവാനും ഉള്ള തീരുമാനം ഉണ്ടാകട്ടെ.**

മനുഷ്യന് തൃപ്തി ഉണ്ടാകുന്നത് അയാൾ ദൈവീകനാകുമ്പോഴാണ്. നീതിമാർഗ്ഗം ജീവിതമാർഗ്ഗം ആകുവാൻ അതാണ് പ്രേരണ. നമ്മുടെയുള്ളിൽ ദൈവം വസിക്കട്ടെ. കനൽ മൂടി പോകാത്ത ആ സാന്നിധ്യം നമ്മെ ജലിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യട്ടെ. ഉള്ളിൽ ദൈവം വളരുമ്പോൾ പിന്നെ ലോകത്തിലുള്ളതെല്ലാം തുച്ഛമെന്ന് എണ്ണുവാൻ തുടങ്ങും. അവിടെ തൃപ്തി തോന്നിത്തുടങ്ങും.

*വാൽക്കഷണം : *പ്രകൃതിദത്തമായിരുന്ന ജലപാതകൾ ഉൾപ്പെടെയുള്ള വഴികളെ കെട്ടിയടച്ച് കെട്ടിടങ്ങൾ പണിതതിനാൽ പുതുമഴ പെയ്യുമ്പോൾ വെള്ളക്കെട്ടുകൾ ഉണ്ടാവുകയും ഒഴുകി പോകേണ്ട ചെളി അവിടവിടെ തന്നെ അവശേഷിക്കുകയും പുതുനാമ്പുകൾ മുളയ്ക്കുവാനുള്ള അന്തരീക്ഷം ഇല്ലാതാവുകയും ചെയ്യുന്നു.



ഫാ. ഫിലിപ്പ് തരകൻ, തേവലക്കര

# കുരിശ്... ഒരു സ്നേഹഗാഥ

ക്രിസ്തു വിരചിച്ച സ്നേഹഗാഥയാണ് കുരിശ്. നിലയ്ക്കാത്ത സ്നേഹ നദിയായി ഇന്നും പ്രപഞ്ചത്തിലേക്ക് ഒഴുകിയിറങ്ങുന്നു. മനുഷ്യ ജീവിതത്തെ ഇത്രയേറെ സ്വാധീനിച്ച മറ്റൊരു പ്രതീകം ലോക ചരിത്രത്തിൽ ഉണ്ടാവില്ല. വലിയനോമ്പും പീഡാനുഭവ ദിനങ്ങളും ഈ സ്നേഹനദിയുടെ ആഴങ്ങൾ തേടുന്ന അവസരങ്ങളാണ്. ഉണങ്ങിപ്പോയ മേച്ചിൽപ്പുറങ്ങളെ നദി യുടെ സാന്നിധ്യം ഹരിതാഭമാക്കുന്നതുപോലെ വരണ്ട ജീവിതങ്ങളെ പുഷ്ടിപ്പെടുത്തുന്ന പ്രയാണമാണത്. മോശ ദൈവത്തോട് പ്രാർത്ഥിച്ചു (പുറപ്പാട് 15). അപ്പോൾ ദൈവം ഒരു മരം മോശയ്ക്ക് കാണിച്ചു കൊടുത്തു. ആ വൃക്ഷത്തിന്റെ ഒരു ശിഖരം വെട്ടി ഉറവയിൽ ഇടുക എന്ന് യഹോവ നിർദേശിച്ചു. മോശ അപ്രകാരം ചെയ്തു. അപ്പോൾ വെള്ളം ഹൃദ്യവും മധുരമുള്ളതായും തീർന്നു. കൈപ്പിന് മധുരമേകുന്ന അനുഭവമായി ഈ മരം മാറി. ഇത് കാൽവറിയിലെ അനുഭവത്തിന്റെ മുൻ കുറിയായി നമുക്ക് കാണാം. ജീവിതത്തിന്റെ കയ്പുകളെ മാധുര്യത്തിന്റെ അനുഭവങ്ങളാക്കി മാറ്റിയ കുരിശിന്റെ പാതയിലൂടെ നമുക്കൊരു പ്രയാണം നടത്താം. ഖലീൽ ജിബ്രാന്റെ പ്രാർത്ഥന എത്ര ഹൃദ്യമാണ്.

''മഹാജ്ഞാനത്തിന്റെ വിത്തിനെ എന്റെ അന്തരാത്മാവിൽ നിക്ഷേപിച്ചാലും, ആ ജ്ഞാനവൃക്ഷത്തെ അങ്ങയുടെ വിശുദ്ധാരണ്യത്തിൽ വളർന്ന് അങ്ങയുടേതായ ഫലം പുറപ്പെടുവിക്കട്ടെ.'' ആമേൻ

**1. കുരിശ് വിശാലതയുടെ പ്രതീകം**

ജീവിതവും മനസ്സും വല്ലാതെ ഇടുങ്ങിപ്പോകുന്ന കാലത്ത് വിശാലതയുടെ ഒരു മഹാപ്രപഞ്ചമാണ് കുരിശ് സൃഷ്ടിക്കുന്നത്. കുരിശ് ശാപത്തിന്റെയും ശിക്ഷയുടെയും അജ്ഞതയുടെയും പ്രതീകമായിരുന്നു. എന്നാൽ അത് അതിന്റെ ആകൃതി പോലെ നാലു ദിക്കിലേക്കും പടർന്നിറങ്ങി വിശാലമായത് എപ്പോഴാണ്? സങ്കുചിതത്വത്തിന്റെ കുരിശ് വിശാലമാകുന്നത് അതിൽ ക്രിസ്തു ഏറ്റപ്പെടുമ്പോഴാണ്. ഈശ്വരാംശം നഷ്ടപ്പെടുന്ന ഇടങ്ങളെല്ലാം സങ്കുചിത ത്വത്തിന്റെ ഇടങ്ങളായി മാറ്റപ്പെടുകയാണ്.

ഒരമ്മയുടെ ദീനവിലാപം സോഷ്യൽ മീഡിയയിൽ കണ്ടിരിക്കാം. അഞ്ചുവയസ്സു മുതൽ കുഞ്ഞിന്റെ കൈയിൽ കംപ്യൂട്ടറിന്റെ മായാപ്രപഞ്ചം സൃഷ്ടിച്ചു ഞങ്ങൾ. അതിൽ ഞങ്ങൾ അഭിമാനം പൂണ്ടു. സൈബർ പ്രപഞ്ചത്തിലേക്ക് അവൻ ഊളിയിട്ടു. അവന്റെ ലോകം അതായി മാറി. അവൻ ജോലി കിട്ടി അമേരിക്കയിലേക്ക് പോയി. ഇന്നും അവന്റെ ലോകം അതായി മാറി. അവൻ ലോകം അതാണ്. നാട്ടിലൊരപ്പനും അമ്മയും ഉണ്ടെന്നതുപോലും അവൻ മറന്നു.... അതവന്റെ മാത്രം കുറ്റമല്ല, അവന്റെ പ്രപഞ്ചത്തെ ചുരുക്കിക്കളയാൻ പ്രചോദനം നൽകിയവരുടെ കൂടി പ്രതിസന്ധിയാണ്. കുഞ്ഞുങ്ങളുടെ കൈയിൽ കുരിശ് കൊടുക്കൂ. അവരുടെ പ്രപഞ്ചം വലുതാകുന്നത് കാണാം. കുരിശിന്റെ ആഴത്തിലേക്കും പരപ്പിലേക്കും ആഴ്ന്നിറങ്ങുവാൻ അത് സഹായകമാകും.

'കുട' എന്ന പദം ഒരു സംരക്ഷണബോധം നമ്മിൽ ഉണർത്തുന്നുണ്ട്. അത് മഴയിൽ നിന്നും വേനലിൽ നിന്നും നമ്മെ സംരക്ഷിക്കുന്നതുകൊണ്ടാണ്. കാൽവറിയിലേക്കുള്ള പാതയിൽ കണ്ണുനീരിന്റെ മഴ വല്ലാതെ പെയ്യുന്നുണ്ട്. (വി. ലൂക്കോസ് 23:27). ഒരു വലിയ ജനസമൂഹവും അവനെ ചൊല്ലി വിലപിച്ച് അലമുറയിടുന്ന അനേകം സ്ത്രീകളും അവന്റെ പിന്നാലെ ചെന്നു. യേശു തിരിഞ്ഞു നോക്കി... യെരുശലേം പുത്രിമാരെ എന്നെ ചൊല്ലി കരയണ്ടേ, നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരയുവിൻ.... അപരന്റെ കണ്ണുനീരിനു നേരെ നീട്ടപ്പെടുന്ന കരുതലിന്റെ സ്നേഹക്കുടയായി കുരിശവിടെ മാറുകയാണ്.

ഒന്നു കേറിനിൽക്കാൻ സ്നേഹത്തിന്റെ ശീലക്കുടകൾ ഇല്ലാതെ പോകുന്നതാണ് ഇന്നിന്റെ ദുഃഖം. മറിയാമും

യൗസേപ്പും എന്ന സ്നേഹക്കുടയുടെ കീഴിലാണ് ക്രിസ്തു വളർന്നത്. സ്നാപകനൊക്കെ ക്രിസ്തുവഴിയിലെ സ്നേഹത്തിന്റെ ശീലക്കുടകളാണ്. അതുകൊണ്ടാണ് പച്ചപ്പിന്റെ ഇലകൾ നഷ്ടപ്പെട്ട കുരിശുമരത്തെ ക്രിസ്തു ഒരു തണൽ മരമാക്കി മാറ്റുന്നത്. നല്ല ശമര്യാക്കാരൻ നിവർത്തുന്നതും ഒരു കുടതന്നെയാണ്. കാരണം അവന്റെ ഉള്ളിൽ ഒരു ക്രിസ്തുവുണ്ടായിരുന്നു. കുരിശ് അനേകരെ ചേർത്തണയ്ക്കുകയാണ്. കുരിശ് അണിയുന്നുണ്ടെങ്കിലും ഇന്ന് വിടർത്തപ്പെടുന്നത് സ്വാർത്ഥതയുടെ കുടയാണ്. അവിടെ ''ഞാൻ മാത്രം അതിൻ കീഴിൽ', എന്ന സന്ദേശ മാണ് മുഴങ്ങുന്നത്. ഉപദ്രവിച്ചവരെ ''അവരോട് പൊറു ക്കണമേ എന്ന പ്രാർത്ഥനയോടെ ചേർത്ത് നിർത്തുന്ന കുരിശ് പ്രപഞ്ചത്തേക്കാൾ വിശാലമാവുകയാണ് . എല്ലാ അനീതിയേയും സ്നേഹം കൊണ്ട് കുരിശ് മറികടക്കുന്നു. യഥാർത്ഥ ശുബ്ക്കോനോ നിർവഹിക്കപ്പെടുന്ന ഇടമായി അത് മാറുന്നു.

'ഛായാമനിസ്വകുർവന്തി
തിഷ്ഠതി സ്വയമാതപേ
ഫലന്ത്യ പരാർത്ഥായ
വൃക്ഷാ സത് പുരുഷം ഇവ''

അതായത്, വൃക്ഷങ്ങൾ വെയിലത്ത് നിന്നുകൊണ്ട് മറ്റുള്ളവർക്ക് തണൽ നൽകുന്നു. അന്യനുവേണ്ടി കായ്ക്കുന്നു. വൃക്ഷങ്ങൾ സത്പുരുഷന്മാരെപ്പോലെ പരോപകാരികളാണ്.

ദുഃഖം, അനീതി, സ്വാർത്ഥത എന്നിവയെ സ്നേഹം കൊണ്ട് മറികടക്കുവാൻ കഴിയുന്നു എന്നതാണ് കുരിശാ കുന്ന വൃക്ഷം നൽകുന്ന വിശാലത. തള്ളിപ്പറഞ്ഞവനെ പ്പോലും ക്രിസ്തു ചേർത്ത് പിടിക്കുന്നത് അങ്ങനെയാണ്. കാണാതെ പോയ ആടിനെ തേടിപ്പിടിച്ച് ചേർത്തുപിടിക്കുന്ന ഇടയൻ, അനീതിയെ സ്നേഹം കൊണ്ട് അതിജീവിക്കുന്ന സഭ, ഭിന്നതകളെ സ്നേഹം കൊണ്ട് കൂട്ടി നിർത്തുന്ന കുടുംബം, അപരദുഃഖത്തെ സ്നേഹം കൊണ്ട് ഒപ്പുന്ന സാമൂഹികത ഇവിടെയെല്ലാം വിശാലതയുടെ പ്രതീകമായ കുരിശ് സ്നേഹത്തിന്റെ സന്ദേശം പ്രസരിപ്പിക്കുകയാണ്.

**2. കുരിശൊരു ബോധി വൃക്ഷം**

ബോധി വൃക്ഷം ഭാരതീയ പാരമ്പര്യത്തിൽ ആത്മീയമായ കരുത്തിന്റെയും ആത്മജ്ഞാന സാക്ഷാ ത്കാരത്തിന്റെയും ഇടമാണ്. സിദ്ധാർത്ഥനിൽ നിന്ന് ബുദ്ധനിലേക്കുള്ള പരിവർത്തനത്തിന്റെ ഇടം. കുരിശ് സാക്ഷാത്കാരത്തിന്റെ ഇടമായി മാറുന്നതെങ്ങനെയാണ്? ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ട ഒരു കള്ളൻ യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തു കൊള്ളണമേ എന്നു പറഞ്ഞു. യേശു അവനോട്: ഇന്ന് നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും..... എന്നു പറഞ്ഞു''(വി. ലൂക്കോസ് 23:42, 43). കുറ്റകൃത്യങ്ങളാൽ ശിക്ഷിക്കപ്പെട്ട് മരിക്കാൻ പോകുന്നവന്റെ ഉൾക്കണ്ണ് തുറക്കുന്ന നിമിഷമാണിത്. അവന്റെ അതേ കുറ്റത്താൽ മരിക്കാൻ പോകുന്ന മറ്റൊരുത്തനും അവിടെയുണ്ട്. അവന്റെ അന്തർ നേത്രം തുറക്കുന്നില്ല.

കർത്താവിന്റെ കുരിശിന്റെയടുത്തുള്ള രണ്ട് വ്യക്തി ത്വങ്ങൾ മിഴി തുറന്നവനും തുറക്കാത്തവനും. ക്രിസ്തുവിന്റെ ക്രൂശിന്റെ സമീപത്ത് ഈ രണ്ട് കൂട്ടരെയും ഇന്ന് കാണാൻ കഴിയും. മിഴി തുറന്നവന്റെ മുൻപിൽ രണ്ട് സാധ്യതകൾ – ഒന്ന് ക്രിസ്തുവിന്റെ വഴി, മറ്റൊന്ന് തന്റെ കൂട്ടുകാരന്റെ വഴി. അവൻ ക്രിസ്തുവിന്റെ വഴി സ്വീകരിച്ചു. മിഴി തുറക്കാ ത്തവന്റെ മുമ്പിൽ ക്രിസ്തുവിന്റെ വഴിയും ക്രിസ്തുവിന്റെ വഴി കണ്ടെത്തിയവന്റെ മാർഗവും ഉണ്ടായിരുന്നു. എന്നാൽ നന്മയുടെ പ്രകാശം കടക്കാത്ത രീതിയിൽ അവൻ അന്ധനായി. അതുകൊണ്ടാണ് വി. മക്കാറിയോസ് പിതാവ് പറയുന്നത്: ''ജീവവൃക്ഷത്തെ കാണുന്നതിൽ നിന്ന് ഹൃദയത്തെ തടസ്സപ്പെടുത്തുന്ന അന്ധകാര ശക്തികളുടെ മറയാണ് ലോകം''.

നിൽക്കുന്നത് ക്രൂശിന്റെ ചുവട്ടിലാണെങ്കിലും ഈ ലോകത്തിന്റെ ആരാധകരും അധികാരവും സമ്പത്തും മുഖസ്തുതിയും സൃഷ്ടിക്കുന്ന ഇരുൾകൊണ്ട് കുശിന്റെ വഴി കാണാതെ മിഴിയടഞ്ഞുപോയവരുടെ കൂട്ടത്തിലാണോ നമ്മൾ എന്ന് സ്വയപരിശോധന ആവശ്യമാണ്. തിരിച്ചറി വിന്റെ മറ്റൊരു തലം ശതാധിപനിൽ കണ്ടെത്തുവാൻ കഴിയും. ''ഈ മനുഷ്യൻ വാസ്തവമായി നീതിമാൻ ആയിരുന്നു എന്ന് പറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തി'' (വി.ലൂക്കോസ് 23:47). അവൻ ക്രിസ്തുവിനെ തിരിച്ചറിഞ്ഞു എന്നു മാത്രമല്ല തന്റെ ജീവിതം ദൈവമഹത്വത്തിനായി വിനിയോഗിക്കുകയും ചെയ്തു.

കുറ്റകൃത്യങ്ങളിൽ അഭിരമിച്ച് കള്ളനും റോമൻ പടയാളിയായിരുന്ന ശതാധിപനും അന്നത്തെ ആത്മീയ സമൂഹത്തിനു മുൻപിൽ ഒന്നുമല്ലാത്തവരാണ്. ബോബി വധത്തിന് കാവൽ നിന്നവരും രക്ഷിക്കപ്പെട്ടത്. അവന്റെ ജോസച്ചൻ ഇങ്ങനെ കുറിക്കുന്നു ''ക്രിസ്തുവിനെ വധിച്ച വരും വധത്തിന് കാവൽ നിന്നവരും രക്ഷിക്കപ്പെട്ടത് അവന്റെ മരണത്തിന്റെ ലാവണ്യം കൊണ്ടായിരുന്നു. അതുകൊണ്ടാ ണല്ലോ അവൻ മിഴിപൂട്ടിയപ്പോൾ നെഞ്ചത്തടിച്ച് ദൈവത്തെ സ്തുതിച്ച് ഇങ്ങനെ പറഞ്ഞത്: ''ഈ മനുഷ്യൻ സത്യ മായിട്ടും നീതിമാനായിരുന്നു.

തീർച്ചയായും കുരിശ് ക്രിസ്തുവിന്റെ ബലിയുടെ മഹത്വം പ്രഘോഷിക്കുന്ന പ്രതീകമാണ്. കുരിശിന്റെ ലാവണ്യം കാണുവാൻ പറ്റാത്തവണ്ണം നമ്മുടെ മനോമിഴികൾ പൂട്ടിയടക്കപ്പെട്ടതാണ് കുരിശാകുന്ന ബോധിവൃക്ഷച്ചോട്ടിൽ നാം അനുഭവിക്കുന്ന പ്രതിസന്ധി. ധൂർത്തപുത്രന്റെ മന

സ്സിൽ പിതൃസ്നേഹത്തിന്റെ നിർമല വെളിച്ചം കടന്നു ചെന്ന നിമിഷം അവൻ ആത്മസാക്ഷാത്കാരത്തിന്റെ വഴിയിലാവുകയാണ്. ശൗലിന്റെ മനസ്സിൽ ക്രിസ്തുവാകുന്ന പിതൃസ്നേഹം പെയ്തിറങ്ങുമ്പോൾ നീറോയുടെ വാളിനെ അതിലംഘിക്കുന്ന കരുത്തുള്ള പൗലോസായി രൂപപ്പെടുകയാണ്. ക്രിസ്തു സ്നേഹത്തിന്റെ വെളിച്ചം കടത്തിവിടാൻ അവരുടെ ഹൃദയങ്ങളിൽ ഒരു നിർമല സ്ഫടികം ഉണ്ടായിരുന്നു. പാപത്തിന്റെ നേരിയ ഇരുൾ ദൈവസ്നേഹത്തിൽ നിന്ന് അങ്ങിനെ മറച്ചു. സൂര്യനുദിക്കുമ്പോൾ മഞ്ഞ് മാറുന്നതുപോലെ ദൈവപ്രകാശം കടന്നു വരുമ്പോൾ പാപത്തിന്റെ കറുത്ത പടം നീങ്ങി, ദൈവപ്രകാശം ഹൃദയസ്ഫടികത്തിലൂടെ കടന്നു പോയി. അപ്പോൾ അവരുടെ ജീവിതം മഴവില്ലുപോലെ ലാവണ്യമുള്ളതായി.

ജീവിതത്തെ കുരിശിന്റെ പ്രഭയിൽ മുക്കിയെടുത്തവരാണ് പറുദീസ പ്രാപിച്ച കള്ളനും ആ ശതാധിപനും.

"Let yourself be led by the child you were" എന്ന് ഷൂസേ സാരമാഗു ''സ്മാൾ മെമ്മറീസ്' എന്ന ഗ്രന്ഥത്തിൽ ആമുഖമായി പറയുന്നു. ശിശുക്കളായി തിരിച്ചു വരുവോളം സ്വർഗരാജ്യം നിങ്ങൾക്കില്ല എന്ന ബൈബിൾ വാകൃത്തിന്റെ മറ്റൊരു രൂപം. ശൈശവം എത്രയും നിഷ്കളങ്കം സുഹൃദ് വലയത്തിൽ ഹിന്ദുവും ക്രിസ്ത്യാനിയും മുസൽമാനും... മഴപെയ്താൽ വിടർത്തുന്ന കുടക്കീഴിൽ ഒരുപറ്റം ചങ്ങാതികളും തുറന്നുവയ്ക്കുന്ന പൊതിച്ചോർ കഴിക്കാൻ എല്ലാവരും കുരിശോളം വിശാലമായിരുന്നു നമ്മുടെ ശൈശവം.... സ്കൂളിൽ പോകുന്ന വഴിയിലെ കുരിശു പള്ളിക്കു മുൻപിൽ കുരിശ് വരയ്ക്കുന്ന ശൈശവം, അതിൽ യുക്തിഭദ്രതക്കപ്പുറം വിരിയുന്ന സ്നേഹത്തിന്റെയും ക്ഷമയുടെയും ആത്മജ്ഞാനം ഉണ്ടായിരുന്നു.

ഈ നോമ്പുകാലം കുരിശിന്റെ ചുവട്ടിലെ ശിശുവായ് നമുക്ക് മാറാം.

# പൗരസ്ത്യ ഓർത്തഡോക്സ്സിറിയൻ സൺഡേസ്കൂൾ സോണൽ തല കലാമത്സരങ്ങളിൽ വിജയികളായവർ



**സൺഡേസ്കൂൾ വചനഭൂഷൺ**

**സീനിയർ വേദവാക്യം 1st**
ഹന്ന മറിയാം മത്തായി
സെന്റ് മേരീസ് ഇടനാട്,
പുത്തൻകാവ്.



**സബ് ജൂനിയർ സംഗീതം 1st**
അഞ്ജലിൻ ആമി മാത്യു
സെന്റ് തോമസ് ആറ്റുവാ, പന്തളം.



**സബ് ജൂനിയർ പ്രസംഗം 2nd**
ഇവാന എൽസ കുര്യൻ
സെന്റ് ജോർജ് ആറാട്ടുപുഴ,
പുത്തൻകാവ്



**ജൂനിയർ പ്രസംഗം 2nd**
നിധി അന്ന സജി
സെന്റ് ഏലിയാസ് ബുധനൂർ
ഇടവങ്കാട് ഡിസ്ട്രിക്ട്



**സീനിയർ വേദവാക്യം 2nd**
കൃപ മറിയം മത്തായി
സെന്റ് മേരീസ് ഇടനാട്,
പുത്തൻകാവ്



**സീനിയർ പൊതുവിജ്ഞാനം 2nd**
അക്സ മറിയം ജോൺ
സെന്റ് മേരീസ് വെൺമണി,
ഇടവങ്കാട്



**ഹയർ സെക്കന്ററി ഉപന്യാസം 1st**
ആശിഷ മറിയം വിൽസൺ
സെന്റ് തോമസ് സൺഡേ സ്കൂൾ,
കുരമ്പാല, പന്തളം



ഫാ. ജോബ് സാം മാത്യു കൊടുമൺ

# പെന്തിക്കോസ്തി പെരുന്നാൾ

യഹൂദന്മാരുടെ പ്രധാന പെരുന്നാളുകളിൽ ഒന്നാണ് പെന്തിക്കോസ്തി (ആവർ. 16:16). ഈ വാക്കിന്റെ അർത്ഥം 'അൻപതാമത്' (fiftieth) എന്നാണ്. യഹൂദന്മാർ ദൈവമുമ്പാകെ പ്രതിഷ്ഠിക്കപ്പെട്ട ജനതയായി സ്വയം കണക്കാക്കുന്നു. അതിനാൽ എല്ലാ ദിവസവും വർഷവും അവർ വിശുദ്ധീകരിക്കുന്നു. പെരുന്നാൾ ആഘോഷങ്ങൾ യഹൂദന്മാർക്ക് വിശുദ്ധീകരണത്തിനുള്ള വേളകളാണ്. പെസഹാപ്പെരുന്നാളിന് ശേഷം 50 ദിവസം കഴിഞ്ഞാണ് പെന്തികോസ്തി. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളിലെ രണ്ടാം ദിവസം മുതൽ ദിവസങ്ങൾ കണക്കാക്കുന്നു. യഹൂദ കലണ്ടറിലെ സിവാൻ (Sivan) മാസം 6, 7 (മെയ് അവസാനമോ, ജൂൺ ആദ്യമോ) തീയതികളിലായി പെന്തികോസ്തി പെരുന്നാൾ വരുന്നു. യഹൂദ മതത്തിലെ വിവിധ പ്രസ്ഥാനങ്ങൾ വൈവിധ്യമാർന്ന രീതികളിൽ പെരുന്നാൾ ആഘോഷിക്കുന്നു.

**ഈ പെരുന്നാൾ മറ്റ് പേരുകളിലും അറിയപ്പെടുന്നുണ്ട്.**

**1. Feast of Weeks (Shavuot):** 'ഷാവോത്ത്' എന്ന വാക്കിന് 'ആഴ്ചകൾ' എന്നാണ് അർത്ഥം. ആദ്യഫലം കാഴ്ച അർപ്പിച്ചതിന് ശേഷം ആഴ്ചകൾ കഴിഞ്ഞാണ് (Week of Weeks) ഈ പെരുന്നാൾ വരുന്നത്. 'പിന്നെ ഏഴ് ആഴ്ചവട്ടം എണ്ണേണം; വിളയിൽ അരിവാൾ ഇടുവാൻ ആരംഭിക്കുന്നതു മുതൽ ഏഴ് ആഴ്ചവട്ടം എണ്ണേണം. എന്നിട്ട് നിന്റെ ദൈവമായ യഹോവയ്ക്ക് വാരോത്സവം ആചരിച്ചു, നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിച്ചതിനു തക്കവണ്ണം നിന്റെ സ്വമേധാദാനങ്ങൾ അവന് അർപ്പിക്കേണം' (ആവർ. 16:10).

**2. Festival of Harvesting or Reaping:** എബ്രായ ഭാഷയിൽ Chag Ha Ktazir എന്നറിയപ്പെടുന്നു. ഗോതമ്പ് വിളവെടുപ്പിന്റെ അവസാനമായി. ഇത് പെസഹാപ്പെരുന്നാൾ മുതൽ തുടങ്ങിയതാണ്. വിളവെടുപ്പിന്റെ ആദ്യ കറ്റ യഹോവയുടെ സന്നിധിയിൽ നീരാജനം (wave or raise) ചെയ്യണം (ലേവ്യ.23:9-11). 'ശബത്തിന്റെ പിറ്റന്നാൾ മുതൽ, നിങ്ങൾ നീരാജനത്തിന്റെ കറ്റ കൊണ്ടുവന്ന ദിവസം മുതൽതന്നെ, എണ്ണി ഏഴു ശബത്ത് തികയേണം. ഏഴാമത്തെ ശബത്തിന്റെ പിറ്റന്നാൾവരെ അമ്പതുദിവസം എണ്ണി യഹോവയ്ക്കു പുതിയ ധാന്യം കൊണ്ട് ഒരു ഭോജനയാഗം അർപ്പിക്കേണം' (ലേവ്യ. 23:15-16). കാർഷിക പശ്ചാത്തലവുമായി പെന്തിക്കോസ്തി പെരുന്നാളിനുള്ള ബന്ധമാണ് ഇത് സൂചിപ്പിക്കുന്നത്.

**3. Festival of First Fruits: Chag Ha Bikkurim** എന്ന് എബ്രായ ഭാഷയിൽ അറിയപ്പെടുന്നു. 'ബിക്കുരിം' എന്ന വാക്കിന് 'വിളഞ്ഞ ആദ്യഫലം' എന്നാണർത്ഥം. വിവിധ ധാന്യങ്ങളും (wheat, barley), ഈത്തപ്പഴം, മുന്തിരി, ഒലിവ് എന്നിവ ആദ്യഫലങ്ങളായി യഹൂദർ ദൈവസന്നിധിയിൽ അർപ്പിച്ചു. യഹോവയാം ദൈവമാണ്, അന്യദേവനായ ബാൽ അല്ല വിളവ് നൽകിയത് എന്ന് ഈ സമർപ്പണത്തിലൂടെ പ്രഖ്യാപിക്കുന്നു. യഹൂദർ അധിവസിക്കുന്ന ഭൂമിയിൽ ദൈവത്തിന്റെ നിരന്തരമുള്ള കരുതൽ അവർ അനുഭവിക്കുന്നു. ദൈവമാണ് ഭൂമിയുടെ ഉടമസ്ഥൻ. അതിൽ അധ്വാനിച്ചു ജീവിക്കാൻ മനുഷ്യർക്ക് അനുവാദം നൽകിയിരിക്കുന്നു. കാലാവസ്ഥ അനുയോജ്യമായതിനാൽ നഷ്ടം സംഭവിക്കാതെ വിളവെടുക്കാനായി. ഈ സന്തോഷകരമായ അനുഭവത്തിന്റെ വെളിച്ചത്തിലാണ് യഹൂദർ ആദ്യവിളവുകൾ അർപ്പിക്കുന്നത്. ഒപ്പം രണ്ടിടങ്ങഴി പുളിപ്പിച്ച മാവുകൊണ്ട് ചുട്ട രണ്ടപ്പം, ഒരു വയസ്സുള്ള ഊനമില്ലാത്ത

ഏഴ് ചെമ്മരിയാട്ടിൻ കുട്ടി, ഒരു കാളക്കുട്ടി, രണ്ട് മുട്ടാട്, പാപ യാഗത്തിന് ഒരു കോലാട്ടുകൊറ്റൻ, സമാധാനയാഗത്തിന് ഒരു വയസ്സുള്ള രണ്ട് ആട്ടിൻകുട്ടി എന്നിവയെയും അർപ്പിക്കുന്നു (ലേവ്യ. 23:15–17). ഗ്രാമീണർ നഗരത്തിൽ ആദ്യം കൂടിയ ശേഷം യെരുശലേം ദേവാലയത്തിലേക്ക് സമർപ്പണ വസ്തുകളോടൊപ്പം ചെല്ലുന്നു.

പെരുന്നാൾ ആഘോഷത്തോടൊപ്പം നിർവ്വഹിക്കേണ്ടതാണ് ദരിദ്രർ, പരദേശികൾ, അനാഥർ, വിധവകൾ എന്നിവരോടുള്ള കരുതലും. സ്വമേധാദാനങ്ങളായി (freewill offering) ദൈവത്തിനും ആലംബഹീനർക്കും കാഴ്ചകൾ സമർപ്പിക്കണം (ആവർ. 16:10–12). ഇതിന് പരിധി വച്ചിട്ടില്ല. ഓരോ വ്യക്തിയെയും ദൈവം അനുഗ്രഹിച്ചത് അടിസ്ഥാനമാക്കിയാണ് നൽകേണ്ടത്. ഇതിന് പശ്ചാത്തല സംഭവവും അനുഭവവും ഈജിപ്തിലെ അടിമത്തമാണ്. പൂർവ്വകാല അനുഭവങ്ങളിൽ കാലൂന്നി, ദൈവത്തോടു ചേർന്ന് സൃഷ്ടിയുടെ നന്മയ്ക്കായി പ്രവർത്തിക്കുക എന്നതാണ് ഇതിന്റെ അർത്ഥതലം.

യഹോവയാം ദൈവം സീനായി പർവതത്തിൽ വച്ച് മോശ മുഖേന യിസ്രായേല്യർക്ക് ന്യായപ്രമാണം (Torah) നൽകിയതും പെന്തിക്കോസ്തി പെരുന്നാളിൽ അനുസ്മരിക്കുന്നു. പിൽക്കാലത്ത് രൂപപ്പെട്ട ഈ പാരമ്പര്യത്തെ കുറിച്ച് പ്രമുഖ യഹൂദ എഴുത്തുകാരായ ഫിലോയും ജോസീഫസും രേഖപ്പെടുത്തിയിട്ടില്ല. ഈജിപ്തിൽ നിന്നും എബ്രായ ജനത യാത്ര ആരംഭിച്ച ദിവസവും സീനായിൽ വെളിപ്പാടുണ്ടായ ദിവസവും തമ്മിൽ ഏഴ് ആഴ്ചയുണ്ടെന്ന് യഹൂദ റാബിമാർ വ്യാഖ്യാനിക്കുന്നു. സിനഗോഗിലെ പെന്തിക്കോസ്തി ആരാധനയിലെ കിദുഷ് (Kiddush), അമിദാ (Amidah) പ്രാർത്ഥനകളിൽ ഈ പാരമ്പര്യം പരാമർശിക്കുന്നുണ്ട്. ദൈവവും യഹൂദന്മാരും തമ്മിൽ വിവാഹത്തിന് തുല്യമായ നിത്യബന്ധം ആരംഭിച്ചത് ഈ സീനായിലെ ഷാവോത്ത് വേളയിലാണ് എന്ന് റാബിമാർ വ്യാഖ്യാനിക്കുന്നു. ഈ ഉടമ്പടി ബന്ധത്തിന്റെ പ്രാഥമിക വാഗ്ദാനം നൽകുന്നത് പെസഹായിലാണ്. ജോസീഫെസ് ഈ പശ്ചാത്തലത്തിലാകാം 'സമാപനം' (closure) എന്നും പെന്തിക്കോസ്തി പെരുന്നാളിനെ വിളിക്കുന്നത്.

കുംമ്രാൻ ചുരുളുകളിൽ പെന്തിക്കോസ്തിയെ വിശേഷിപ്പിക്കുന്നത് 'Feast of Renewal of Covenant' എന്നാണ്. എല്ലാ യിസ്രായേല്യരും അവരവരുടെ മതപരമായ സ്ഥാന ക്രമത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ചു നിൽക്കുന്നു. 'ദൈവമുമ്പാകെ ദൈവജനമെന്ന നിലയിൽ സ്വന്തം സ്ഥാനം മനസ്സിലാക്കി അവർ നിൽക്കുന്നു' എന്ന് ചുരുളുകളിൽ പരാമർശമുണ്ട്.

ബാബിലോണിയൻ പ്രവാസകാലം (ബി.സി. ആറാം നൂറ്റാണ്ട്) മുതൽ പെന്തിക്കോസ്തി ആചരണത്തിന്റെ പ്രാധാന്യം കുറഞ്ഞു. നാശോന്മുഖമായ യെരുശലേം ദേവാലയത്തിലേക്ക് ആദ്യഫലങ്ങൾ കൊണ്ടുവരുന്നത് കുറഞ്ഞു. അനേകം യഹൂദർ കാർഷികവൃത്തിയിൽ നിന്നും പിന്മാറി നഗരങ്ങളിലേക്ക് ചേക്കേറി. സിനഗോഗ് ആരാധന ഈ പശ്ചാത്തലത്തിൽ രൂപപ്പെട്ടു. പെന്തിക്കോസ്തി ദിനത്തിലെ സിനഗോഗ് ആരാധനയിൽ ഹാലൽ സങ്കീർത്തനങ്ങളുടെ ആലാപനം, മോശയ്ക്ക് പത്ത് കല്പനകൾ നൽകിയതിനെ അനുസ്മരിച്ച് പത്ത് കല്പനകളുടെയും പ്രസ്തുത സംഭവ വിവരണത്തിന്റെയും (പുറ. 19:1–20:26, Theophany at Sinai) പാരായണം, രൂത്തിന്റെ പുസ്തക വായന എന്നിവ ഉൾപ്പെട്ടിരിക്കുന്നു. രൂത്തിന്റെ പുസ്തകത്തിലെ പ്രധാന സംഭവങ്ങൾ നടന്നത് വിളവെടുപ്പ് കാലത്താണ്. യഹൂദ സമൂഹത്തിലേക്ക് സ്വയം ചേർക്കപ്പെട്ടവളാണ് മോവാബ്യയായിരുന്ന രൂത്ത്. രൂത്തിന്റെ വിശ്വസ്ഥത തോറയോടുള്ള യിസ്രായേല്യരുടെ വിശ്വസ്ഥതയുമായി താരതമ്യം ചെയ്യുന്നതിനാലാണ് ഈ പുസ്തകവും വായിക്കുന്നത്. മരങ്ങളാൽ നിറഞ്ഞ് ഹരിതാഭമായ പർവതമാണ് സീനായി എന്നതിന്റെ അനുസ്മരണമായി യഹൂദർ സിനഗോഗ് പൂക്കളും ഇലകളും കൊണ്ട് അലങ്കരിക്കും. തോറയെ പാലിനോട് സാദൃശ്യപ്പെടുത്തുന്നതിനാൽ പാൽ ഉത്പന്നങ്ങൾ അവർ ഭവനത്തിൽ അന്നേ ദിവസം കഴിക്കും ('അല്ലയോ കാന്തേ, നിന്റെ അധരം തേൻകട്ട പൊഴിക്കുന്നു; നിന്റെ നാവിൻകീഴിൽ തേനും പാലും ഉണ്ട്; നിന്റെ വസ്ത്രത്തിന്റെ വാസന ലെബാനോന്റെ വാസന പോലെ ഇരിക്കുന്നു', ഉത്തമഗീതം 4:11).

### പെന്തിക്കോസ്തി പെരുന്നാൾ: പുതിയനിയമ പശ്ചാത്തലത്തിൽ

നാസിയാൻസിലെ വി. ഗ്രീഗോറിയോസ് അദ്ദേഹത്തിന്റെ 'പെന്തികോസ്തി ദിന പ്രബോധനത്തിൽ' (Oration on Pentecost) പറയുന്നത് ഇപ്രകാരമാണ്; 'യഹൂദന്മാരും ക്രിസ്ത്യാനികളും പെരുന്നാളുകൾ ആചരിക്കുന്നുണ്ട്. യഹൂദന്മാർ അക്ഷരാർത്ഥത്തിൽ ഭൗതിക നിയമങ്ങൾ പാലിക്കുന്നു. അവർ ആത്മീയ നിയമത്തെക്കുറിച്ച് ധാരണയില്ലാത്തവരാണ്. എന്നാൽ ക്രിസ്ത്യാനികളായ നമ്മൾ ദൈവാത്മാവിന് ഹിതകരമായ വിധത്തിൽ പെരുന്നാൾ ആചരിക്കുന്നു.' യഹൂദന്മാരുടെ പെരുന്നാൾ ആചരണത്തിന് ക്രിസ്തീയ പശ്ചാത്തലത്തിൽ വ്യാഖ്യാനവും പുന:ക്രമീകരണവും നടത്തുന്നതിനുള്ള സാധ്യതയാണ് വി. ഗ്രീഗോറിയോസ് വെളിപ്പെടുത്തുന്നത്.

പെന്തികോസ്തിയെ പുതിയനിയമ പശ്ചാത്തലത്തിൽ യോവേൽ പ്രവാചകന്റെ പ്രവചന പൂർത്തീകരണമായി മനസ്സിലാക്കുന്നു. 'അതിന്റെ ശേഷമോ, ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ

വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും; നിങ്ങളുടെ യൗവനക്കാർ ദർശനങ്ങളെ ദർശിക്കും. ദാസന്മാരുടെമേലും ദാസിമാരുടെ മേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും' (യോവേൽ 2:28–29). ദൈവഭക്തർക്ക് ലഭിക്കുന്ന വാഗ്ദത്തമാണിത്. ദൈവത്തിലേക്ക് മടങ്ങുന്നവർക്ക് അവൻ തന്റെ പദ്ധതികൾ ദൈവാത്മാവിനെ പകർന്നു നൽകി വെളിപ്പെടുത്തും. ഇവിടെ പ്രായം, ലിംഗം, സാമൂഹികനില എന്നിവ പരിഗണിക്കുകയില്ല. ചില പ്രത്യേക സന്ദർഭത്തിൽ, ചിലർക്ക് മാത്രം ദൈവാത്മാവിനെ നൽകുന്ന പഴയകാലം പോലെയല്ല ഇത്.

യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷമുള്ള പെന്തികോസ്തി ദിനം ക്രൈസ്തവ സഭയെ സംബന്ധിച്ച് സുപ്രധാനമായ ദിനമാണ്. അന്ത്യഅത്താഴവേള പോലെ ശിഷ്യന്മാർ ഒരു ഭവനത്തിൽ പ്രാർത്ഥനാനിരതരായി വസിക്കുന്നു. 'പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതു പോലെ ആകാശത്തു നിന്ന് ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി' (അപ്പോ. 2:24). കാറ്റും തീയും ദൈവിക വെളിപ്പെടുത്തലുകളോട് ബന്ധപ്പെട്ടു നിൽക്കുന്നവയാണ്. 'യഹോവ തീയിൽ സീനായി പർവതത്തിൽ ഇറങ്ങുകയാൽ അതു മുഴുവനും പുകകൊണ്ടു മൂടി; അതിന്റെ പുക തീച്ചൂളയിലെ പുകപോലെ പൊങ്ങി; പർവതമൊക്കെയും ഏറ്റവും കുലുങ്ങി' (പുറ. 19:18).

പരിശുദ്ധാത്മാവ് എന്ന ദാനത്തെക്കുറിച്ച് വി. യോഹന്നാൻ സ്നാപകനും യേശുക്രിസ്തുവും ശിഷ്യരോട് മുൻകൂട്ടി അറിയിച്ചിട്ടുണ്ട്. യോഹന്നാൻ പറഞ്ഞു; '... അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏൽപ്പിക്കും' (മത്താ. 3:11). യേശു ഉത്ഥാനാനന്തര പ്രത്യക്ഷപ്പെടൽ വേളയിൽ യേശു ശിഷ്യർക്ക് വാഗ്ദാനം നൽകി; ''നിങ്ങൾ യെരുശലേമിൽ നിന്നു വാങ്ങിപ്പോകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദാനത്തിനായി കാത്തിരിക്കേണം; യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഇനി ഏറെനാൾ കഴിയുംമുമ്പേ പരിശുദ്ധാത്മാവ്കൊണ്ടു സ്നാനം ലഭിക്കും'' (അപ്പോ. 1:45). പെന്തിക്കോസ്തി ദിനത്തിൽ നടന്നത് 'സ്നാനം' എന്ന് വിശേഷിപ്പിക്കുന്നത് ശ്രദ്ധിക്കുക. ''നമ്മുടെ പെസഹാക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു'' (1 കൊരി. 5:7). ഈ സംഭവത്തിന് 50 ദിവസശേഷമാണ് പെന്തിക്കോസ്തി നടക്കുന്നത്. അന്നേ ദിവസം പത്രോസും പതിനൊന്നു അപ്പോസ്തോലന്മാരും 3000 പേർക്ക് സ്നാനം നൽകി സഭയോടു ചേർത്തു (അപ്പോ. 2:41).

''ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തിരിക്കുന്നു'' (1 കൊരി. 15:20). യേശുക്രിസ്തു എന്ന അതിശ്രേഷ്ഠമായ ആദ്യഫലം പിതാവാം ദൈവമുമ്പാകെ അർപ്പിക്കപ്പെട്ടു. 'വരുവാനുള്ള കാലത്ത് നമ്മൾക്ക് സാധ്യമാകുന്ന ഉയിർപ്പിന്റെ മുന്നാസ്വാദനമാണ് ഓരോ പെന്തിക്കോസ്തിയും' എന്ന് കൈസര്യായിലെ വി.ബസേലിയോസ് എഴുതി. നമ്മൾ ക്രിസ്തുവിനോടും അവന്റെ ശരീരമായ സഭയോടും ചേർന്നിരിക്കുന്നു. ''യഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏക ശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു'' (1 കൊരി 12:13). മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുന്ന ഏവർക്കും ഈ ദാനം ലഭ്യമാണ്. ''നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവ് വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ എന്നു പറഞ്ഞു'' (അപ്പോ. 2:38–39). ക്രിസ്തുവിന്റെ ഭാഗമായി പരിശുദ്ധാത്മനിറവ് പ്രാപിക്കുമ്പോൾ നാം ദൈവികമായ സന്തോഷവും സമാധാനവും അനുഭവിക്കുന്നു.

നമുക്ക് ലഭ്യമായ ആനന്ദം ഉത്സാഹത്തോടെ മറ്റുള്ളവർക്ക് പകരുമ്പോഴാണ് ഉദാത്തമായ ആദ്യഫല സമർപ്പണം നടക്കുന്നത്. പെന്തിക്കോസ്തി സഹോദരങ്ങൾക്ക് ഒപ്പം ആചരിക്കണം. അപ്പോഴാണ് പെരുന്നാളിന് ക്രൈസ്തവ അടിസ്ഥാനത്തിൽ അർത്ഥപൂർണ്ണത ലഭിക്കുന്നത്. അലക്സാന്ത്രിയായിലെ വി. അത്താനാസിയോസ് എഴുതി; ''പെന്തിക്കോസ്തിയുടെ മഹത്തായ ഏഴു ആഴ്ചകൾ നമ്മുടെ കർത്താവായ ക്രിസ്തുയേശുവിൽ സന്തോഷിക്കുക. അവനിലൂടെ പിതാവാം ദൈവത്തിന് മഹത്വവും പരിശുദ്ധാത്മാവിൽ സമർപ്പിതരുമാകാം'' (പെരുന്നാൾ ലേഖനം).

ക്രൈസ്തവ പശ്ചാത്തലത്തിൽ പെന്തിക്കോസ്തി പെരുന്നാളിന് പുതിയ അർത്ഥതലങ്ങൾ രൂപപ്പെടുന്നത് നമുക്ക് കാണാം. യഹൂദന്മാരുടെ മാത്രം ആഘോഷാചരണം എന്ന നിലയിൽ നിന്നും സാർവത്രിക മാനത്തിലേക്ക് പരിണാമം സംഭവിക്കുന്നു. വംശീയ ഐക്യം, കാർഷിക സമൃദ്ധിയിലുള്ള ആനന്ദം എന്ന പരിമിതപ്പെടലിൽനിന്നും മാറി വൈവിധ്യങ്ങളുടെ ആഘോഷവും പരിശുദ്ധാത്മനിറവിനുള്ള വാതായനവും സമർപ്പിതമായ ശുശ്രൂഷയ്ക്കുള്ള അവസരവും ഈ പെരുന്നാൾ നമുക്ക് തുറന്നു നൽകുന്നു.



ഫാ. ഷാനു ഏബ്രഹാം ബുധനൂർ

# ആലയം ശൂന്യമായിരിക്കെ തട്ടിട്ട വീടുകളോ?

ഇസ്രായേലിന്റെ ജീവിതത്തെ ആഴത്തിൽ പരിശോധിച്ചാൽ എന്നും ഇസ്രായേലിനെ നേർവഴിക്കു നടത്തുന്ന ശബ്ദമായിരുന്നു പ്രവാചകന്മാരുടേത്. പ്രവാസാനന്തരകാലത്ത് ഇസ്രായേലിനെ നടത്തിയ പ്രവാചക നിരയിലെ വേറിട്ട ശബ്ദത്തിന്റെ പേര് ഹഗ്ഗായി. Haggai was a single agenda prophet. കൃത്യമായി വംശവും ഗോത്രവും രേഖപ്പെടുത്താതെ പാരമ്പര്യത്തിന്റെ പ്രൗഢിയിലും മേലാപ്പുകളിലും അഹങ്കരിക്കാതെ പ്രവാചകനെന്ന ബോധ്യം മാത്രം കൈമുതലാക്കിയ ഒരുവൻ ഹഗ്ഗായി. പ്രവാചക ജീവിതത്തിൽ ഒരേയൊരു സന്ദേശം, ഒരേയൊരു ദൗത്യം മാത്രം, ഒരുപാട് കാര്യങ്ങൾ ഒന്നും അദ്ദേഹത്തിന് പറയാനുണ്ടായിരുന്നില്ല. ഒരുപാട് കാര്യങ്ങൾക്കിടയിൽ പ്രധാനപ്പെട്ട കാര്യങ്ങളൊന്നും അദ്ദേഹം മറന്നിട്ടുമില്ലായിരുന്നു. ഹഗ്ഗായി പ്രവാചകന്റെ സന്ദേശത്തിന്റെ മുഴുവൻ ആത്മാവും പേറുന്ന വാക്യം (ഹഗ്ഗായി 1:4) 'ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്ക് തട്ടിട്ട വീടുകളിൽ പാർക്കുവാൻ കാലമായോ?' ഏറെ വിമർശന ശരങ്ങൾ ഒളിഞ്ഞിരിക്കുന്ന ചോദ്യമാണ് പ്രവാചകന്റേത്. സംസ്കാരത്തിന്റെയും ആത്മീയ തയുടെയും ശേഷിപ്പുകളെ പ്രതിഷ്ഠിക്കുവാനുള്ള ദൈവശബ്ദത്തിന്റെ പ്രതിധ്വനിയാവു കയാണ് പ്രവാചകൻ.

1. **ആത്മീയ പുതുക്കത്തിന്റെ അനിവാര്യ തയിലേക്ക് പ്രവചനം വിരൽ ചൂണ്ടുന്നു. (It points towards the very necessity of spiritual rejuvenation)**

   പ്രവാസം നൊമ്പരങ്ങളുടേതായിരുന്നു. പ്രവാസാനന്തര ജനതയോട് പ്രവാചകൻ ഒരു കാര്യമേ ആവശ്യപ്പെടുന്നുള്ളൂ. ബാബിലോൺകാർ നശിപ്പിച്ച യെറുശലേം ദേവാലയം പുനരുദ്ധരിക്കണം. യെറുശലേം നഗരത്തിന്റെ നാശത്തോടൊപ്പം കത്തിയെരിഞ്ഞത് അവരുടെ വിശുദ്ധ ദേവാലയം മാത്രമായിരുന്നില്ല, ആത്മീയ അന്തരീക്ഷം പാടെ ഉലയുകയായിരുന്നു. ഏറെ ഹൃദ്യമായ യഹൂദനും അവന്റെ ദൈവവുമായുള്ള ബന്ധം പ്രവാസകാലത്ത് നൊമ്പരപ്പെടുത്തുന്ന ഓർമ്മ മാത്രമായി. ദൈവവുമായുള്ള ആ ബന്ധം പുനഃസ്ഥാപിക്കപ്പെടണം, അതിന് ആലയം വിശുദ്ധമാക്കപ്പെടണം. പ്രവചനം ആരംഭിക്കുന്നിടത്ത് ഒരിക്കൽ ദൈവജനമായിരുന്നവരെ (my people) ദൈവം തന്നെ ഈ ജനം (this people) എന്ന് അഭിസംബോധന ചെയ്യുന്നിടത്താണ് നഷ്ടങ്ങളിലേക്കാഴുന്ന ആ ബന്ധവും അതിന്റെ ഓർമ്മകളിലെ ഇഴയടുപ്പവുമാണ് ഒരു പുതുക്കപ്പെടലിന്റെ അനിവാര്യതയിലേക്ക് പ്രവചനത്തെ കൊണ്ടെത്തിക്കുന്നത്. സംഖ്യാപുസ്തകം 28:11-15 അനുസരിച്ച് മാസത്തിന്റെ ആദ്യ ദിവസം പാരമ്പര്യമായി യാഗമർപ്പിക്കുവാൻ, നിവേദ്യങ്ങൾ സമർപ്പിക്കുവാൻ, പ്രത്യേകം തെരഞ്ഞെടുത്തിട്ടുള്ള ദിവസമാണ്. ഹഗ്ഗായി

1:1-ൽ ദാര്യാവേശ്വിന്റെ രണ്ടാം ആണ്ട് ആറാം മാസം ഒന്നാം തീയതി യഹോവയുടെ അരുളപ്പാട് എന്നാണ് ആരംഭം. ദേവാലയത്തിന്റെ അസാന്നിദ്ധ്യത്തിൽ ഈ ആഘോഷത്തിൽ യാഗമർപ്പിക്കുന്നതെവിടെ എന്ന ചോദ്യത്തിന്റെ പശ്ചാത്തലത്തിൽ സ്വന്തം പേരിനെ അർത്ഥപൂർണ്ണമാക്കി ഹഗ്ഗായി പ്രവചിക്കുന്നു. ഹഗ്ഗായി എന്ന പേര് ഹാഗ് എന്ന എബ്രായ പദത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ആഘോഷം എന്ന നാമധാരിയായ പ്രവചാകൻ ആഘോഷത്തിന്റെ ഏറ്റവും പ്രധാന ആവശ്യമായ ദേവാലയം നിർമ്മിക്കുവാനും അതുവഴി ആത്മീയ അന്തരീക്ഷം വീണ്ടെടുക്കാനും ആഹ്വാനം ചെയ്യുന്നു. ക്രിസ്തുവിലേക്കും അവിടെ നിന്നും വി. പൗലോസ് ശ്ലീഹായിലേക്കുമൊക്കെ സഞ്ചരിക്കുമ്പോൾ നമ്മിൽ തന്നെ ഇതൾ വിരിയേണ്ട ദേവാലയവും, ആത്മീയതയും നിഷ്ഠകളും വെളിവാക്കുന്നുണ്ട്. നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുയെന്നും അറിയുന്നില്ലയോ? പരിശുദ്ധ സഭയുടെ കൗദാശികനുഭവങ്ങൾ നമ്മെ ആത്മീയ പുതുക്കത്തിന്റെ അനുഭവത്തിലേക്ക് ക്ഷണിക്കുന്നു. അത് മാമോദീസായിലൂടെയുള്ള പുനർ ജ്ജനനവും കുമ്പസാരത്തിലൂടെയുള്ള നീതീകരണവും വി. കുർബ്ബാനയിലൂടെയുള്ള വിശുദ്ധീകരണവും കർത്താവിന്റെ പുനരാഗമനത്തിൽ ലഭിക്കുവാനുള്ള മഹത്വീകരണവും എന്നിങ്ങനെ വിവക്ഷിക്കുന്നു. നിർ മ്മിക്കേണ്ട, ശുദ്ധീകരിക്കേണ്ടതായ മന്ദിരത്തെക്കുറിച്ച് നമുക്ക് ബോധ്യമുണ്ട്. ആത്മീയ പുതുക്കപ്പെടലിലൂടെ നമുക്കുള്ളിലെ ദേവാലയങ്ങളെ പുനരുദ്ധരിക്കാം.

2. **കൂട്ടായ്മയുടെ അനിവാര്യതയിലേക്ക് വിരൽ ചൂണ്ടുന്നു. (It points towards the necessity of communion)**

പ്രവചനം വിമർശനങ്ങളുടെ കൂരമ്പുകൾക്കിടയിലും കൂട്ടായ്മയിലേക്കുള്ള ക്ഷണമായാണ് ഏറെ ആഴ ത്തിൽ മനസ്സിലാക്കേണ്ടത്. യിസ്രായേലിന്റെ സാമൂ ഹ്യജീവിതത്തെ നിർണ്ണയിച്ചിരുന്ന അവരുടെ സംസ്കാ രത്തിന്റെ കേന്ദ്രമായി വർത്തിച്ചിരുന്നത് ദേവാലയമാണ്. അങ്ങനെയെങ്കിൽ ദേവാലയത്തിന്റെ തകർച്ച അവരുടെ സാമൂഹ്യ ജീവിതത്തിന്റെ തകർച്ചയാണ്. എസ്രാ പുസ്തകം 1:2-4

വാക്യങ്ങളിൽ സംസാരിക്കാമെങ്കിൽ ബി.സി. 538-ൽ പേർ ഷ്യൻ രാജാവായ കോരെശ് ബാബിലോൺ പിടിച്ചെ ടുക്കുകയും പ്രവാസികളോട് ദയാപൂർവ്വം ഇടപെടുകയും അവരെ സ്വതന്ത്രരാക്കുകയും സ്വന്തദേശത്ത് ദേവാലയം പണിയുവാനുള്ള അനുമതി രാജകീയ വിളംബരത്തിൽ കൂടി നൽകുകയും ചെയ്തതാണ്. മടങ്ങി വന്ന ജനത ദേവാലയത്തിന്റെ പണി ആരംഭിക്കുന്നുണ്ടെങ്കിലും ശമര്യാക്കാരുടെ എതിർപ്പുമൂലം ദേവാലയത്തിന്റെ പണി തുടരുവാൻ സാധിക്കാതെ വന്നു. ഭൂരിപക്ഷം വരുന്ന ദരിദ്രർക്ക് വരൾച്ചയുടെയും, ഞെരുക്കത്തിന്റെയും കഥകൾ പറയാനുണ്ടായിരുന്നെങ്കിലും, ന്യൂനപക്ഷ മെങ്കിലും ഒരു പറ്റം ധനികർ തങ്ങളുടെ സുഖ ലോലുപതയിൽ നിശബ്ദത പാലിക്കുന്നു. സ്വന്തം കാര്യങ്ങളിൽ മുഴുകിയിരിക്കുന്നവർക്ക് ആത്മീയത യുടെ അനന്തതയെ പുൽകുവാനോ വ്യാകുലപ്പെ ടുവാനോ സമയമുണ്ടാകില്ലെന്ന് ചരിത്രം സാക്ഷിക്കു മ്പോൾ ദേവാലയ പുനർനിർമ്മാണവും പതിയെ മറവിയിലാണ്ടുപോയി. എന്നാൽ സാമൂഹ്യ-സാമ്പ ത്തിക-രാഷ്ട്രീയ അസ്വസ്ഥതകൾ നിത്യജീവിതത്തെ തൊട്ടു തുടങ്ങിയപ്പോൾ പ്രവാചക ശബ്ദമുയർന്നു. ദേവാലയ പുനർനിർമ്മാണത്തിലക്ക് പ്രശ്നങ്ങളെ ഒരുമിപ്പിലൂടെ നേരി ടുന്ന കൂട്ടായ്മയുടെ ശബ്ദത്തിന്റെ പ്രതിധ്വനികൾ ഉയരുന്നു. കൂട്ടായ്മയിലേക്കുള്ള ചാലകമായി പ്രവാചക ശബ്ദമുയരുമ്പോൾ നമുക്ക് പറയേണ്ടിവരും ആത്മീയതയുടെ നിദാന്ത ദർശനം അത് കൂട്ടായ്മ തന്നെയെന്ന്. ഞാൻ ചോർന്നൊലിച്ചില്ലെങ്കിൽ, എന്റെ ഭവനം ചോർന്നൊലിച്ചില്ലെങ്കിൽ ഞാൻ സുരക്ഷിതനെന്നോ ഞാൻ രക്ഷ പ്രാപിച്ചവനെന്നോ അല്ല ഓർത്തഡോക്സ് ആത്മീയത പങ്കുവയ്ക്കു ന്നത്. മറിച്ച് ചോർന്നൊലിക്കാത്ത ഒരു ദേവാലയം- കൂട്ടായ്മയുടെ ഇടം-രക്ഷയുടെ സാമൂഹ്യ വശത്തെ ക്കുറിച്ചാണ്. ആ യാത്രയിൽ സ്വാർത്ഥതയുടെ ചില ഭവനങ്ങളെ ഉപേക്ഷിക്കേണ്ടി വരും കൂട്ടായ്മയുടെ ദേവാലയങ്ങളെ പുൽകേണ്ടി വരും. ഇസ്രായേലും അവരുടെ ദൈവമായുള്ള ഉടമ്പടി പോലും ഉറപ്പു വരുത്തുന്നത് കൂട്ടായ്മയാണ്. എന്നും ദൈവത്തിന്റെ ജനമായി ദൈവത്തോട് ചേർന്ന് നിൽക്കാനുള്ള കൂട്ടായ്മ ഉറപ്പുവരുത്തുന്ന ഉടമ്പടിയാണ് പഴയ നിയമം പരിചയപ്പെടുത്തുന്നത്. പ്രളയം കടന്നുപോകു മ്പോൾ നമ്മിൽ ബാക്കിയാകുന്ന നല്ല ഓർമ്മകൾ കൂട്ടായ്മ യുടെതാണ്. ഇസ്രായേലിനെ പ്രവാചകൻ ക്ഷണിക്കുന്നതും കൂട്ടായ്മയിലൂടെയുള്ള അതിജീവന ത്തിലേക്കാണ്. കെട്ടിപ്പൊക്കുന്ന സ്വാർത്ഥതയുടെ മേൽക്കൂരകൾ അതിജീവനത്തിന്റെ ആകാശം താണ്ടു കയില്ലെന്ന് പ്രവാചകൻ ആണയിടുന്നു. ഒരുമയുടെ മന്ദിരമാകാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു. സഭാശു ശ്രൂഷയിൽ പോലും ഞാൻ വിചാരം തട്ടിട്ട വീടുക ളിൽ കയറി താമസിക്കുമ്പോൾ ശൂന്യമാകുന്ന ദേവാല യങ്ങളെക്കുറിച്ച് ക്രിസ്തു ശരീരമാകുന്ന സഭയെന്ന ദേവാലത്തെക്കുറിച്ച് തന്നെ പ്രവചന ശബ്ദം ഉയരുന്നു. അവിടങ്ങളില്ലെല്ലാം ഹഗ്ഗായി പ്രവാചകന്റെ സ്വരം ഹൃദയമന്ത്രമാകണം. From individual to community. വ്യക്തി കേന്ദ്രീകരണത്തിൽ നിന്ന് ഒരുമയുടെ ദേവാലയങ്ങളിലേക്ക്!

3. **ഉചിതമായ സന്ദർഭങ്ങളിലെ യുക്തമായ ഇടപെടലുകളെ ഓർമ്മിപ്പിക്കുന്നു. (It points towards the very necessity of sensible interventions at appropriate moments)**

യാഗം നന്ദിയർപ്പിക്കലാണ്. പ്രവാസത്തെ പിന്നിലാക്കി വരുന്ന ജനം ആദ്യം ചെയ്യേണ്ടത് യാഗത്തിന് ഉചിതമായ ഈ സമയത്ത് യഹോവയ്ക്ക് നന്ദികരേറ്റുക എന്നതാണ്. Right action at the right time. ഹഗ്ഗായി പ്രവചനത്തിന്റെ ആദ്യവാക്യം തന്നെ ഈ സമയത്തിന്റെ പ്രത്യേകത ഓർമ്മിപ്പിക്കുന്നു എന്നിട്ടും പെരുന്നാൾ ദിവസം യാഗാമർമ്മിക്കേണ്ട ദേവാലയം ശൂന്യമായി കിടക്കുന്നു. പാഴും ശൂന്യവും എന്ന് അർത്ഥം വരുന്ന ഹാറേബ് എന്ന എബ്രായ പദമാണ് ദേവാലയത്തിന്റെ ശൂന്യാവസ്ഥയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. ആത്മീയമായ ചടഞ്ഞിരിപ്പാണ് ഇസ്രായേൽ വരുത്തുന്നത്. ഉചിതമായ സമയത്ത് നിസംഗത കൊണ്ട് മൗനം തീർക്കുന്ന നേതൃത്വ നിരയെ പ്രവചനം, ഓർമ്മയിലേക്കും കർമ്മനിരതയുടെ ആവശ്യകതയിലേക്കും ക്ഷണിക്കുകയാണ്. ശയലതിയേലിന്റെ മകനായ സെരുബാബേൽ യെഹോസാദാക്കിന്റെ മകനായ മഹാപുരോഹിതനായ യോശുവാ തുടങ്ങി ശൂന്യാവസ്ഥയെ നീക്കേണ്ട ഉത്തരവാദിത്വമുള്ള നേതൃത്വനിര നിശബ്ദമാകുന്നിടത്താണ് പ്രവചനം ആരംഭിക്കുന്നത്. ദൈവജനമായ നാം ചിലപ്പോഴെങ്കിലും പാഴും ശൂന്യമാകുന്ന ചടഞ്ഞിരിപ്പുകൾക്കും ഉദാസീനതകൾക്കും വിധേയമായിട്ടുണ്ടെന്നാണ് ചരിത്രം പഠിപ്പിക്കുന്ന പാഠം. സമയമായിട്ടില്ല എന്നു തന്നെയാണ് ഇസ്രായേലും പറഞ്ഞ മറുപടി എന്നാൽ ഇത് മാറ്റത്തിന്റെ സമയമെന്നാണ് പ്രവാചകനിലൂടെ മുഴങ്ങുന്ന ദൈവശബ്ദത്തിന്റെ പക്ഷം. ദേവാലയത്തിലേക്കും, ആരാധനയിലേക്കുള്ള തിരിച്ചുവരവിന്റെ സമയം ഇസ്രായേലിൽ നിന്ന് പൊയ്പോയ മഹത്വം തിരിച്ചു വരുവാനുള്ള സമയം. അതുകൊണ്ടാണ് ദൈവാലയത്തിന്റെ ഉദ്ദേശശുദ്ധി നഷ്ടപ്പെട്ട് ആരാധനയോട് എതിർത്തും അറച്ചും നിന്ന എട്ടാം നൂറ്റാണ്ടിലെ പ്രവാചകന്മാരിൽ നിന്ന് പ്രവാചക ശബ്ദങ്ങൾക്ക് ഹഗ്ഗായി പ്രവാചകനിൽ നിന്ന് വ്യതിയാനം ഉണ്ടാകുന്നു.

സീയോനും, ദേവാലയവും, ഇസ്രായേലും ഒന്നായി തീരുന്ന സുന്ദര നിമിഷങ്ങളിലേക്ക് തിരിച്ച് വരുവാനുള്ള സമയം, ഇസ്രായേലിന്റെ സിരകളിലേക്ക് വിമോചനത്തിനു വേണ്ടി, അതിജീവനത്തിനുവേണ്ടി, സ്വാതന്ത്രത്തിനുവേണ്ടി ഒരു ജനത ഒരുങ്ങുന്ന നിമിഷങ്ങൾക്കായാണ്. പ്രവാചകന്റെ ആഹ്വാനം വിമോചന സ്വപ്നങ്ങ ൾക്ക് ക്ഷേമകാല പ്രതീക്ഷകൾക്ക്, സമാധാന നിമിഷങ്ങൾക്ക് ഇതൾ വിരിയണമെങ്കിൽ ദേവാലയമുയരണം. നിസ്സംഗതയും നിശബ്ദതയുമല്ല. മറിച്ച് കാലത്തിന്റെ അടയാളങ്ങളെ തിരിച്ചറിഞ്ഞ് ഉചിതമായ സന്ദർഭങ്ങളിലെ യുക്തമായ ഇടപെടലുകളുടെ അനിവാര്യതയെയാണ് പ്രവാചക സ്വരം ഓർമ്മപ്പെടുത്തുന്നത്.

ആശയങ്ങളെ ഒരിക്കൽക്കൂടി ചേർത്തുവയ്ക്കുമ്പോൾ ഒരു പുതുക്കത്തിന്റെ അനുഭവത്തിലൂടെ ആത്മീയ കൂട്ടായ്മയിലേക്കുള്ള ക്ഷണമായി മാറുകയും ആത്മീയ ജീവിതം ഉചിതമായ സമയത്തെ യുക്തമായ ഇടപെടലാണെന്ന് പ്രവാചകൻ ഓർമ്മപ്പെടുത്തുന്നു. ദേവാലയത്തിലൂടെ ഇസ്രായേലിലേക്ക് തിരിച്ചെത്തുന്ന മഹത്വം അവരുടെ സാമൂഹ്യ രാഷ്ട്രീയ-സാമ്പത്തിക അസ്ഥിരതകളെ, അസ്വസ്ഥതകളെ പരിഹരിക്കുന്നതാണ്. എല്ലാറ്റിനുമപ്പുറം ദേവാലയം ഓർമ്മിപ്പിക്കുന്നത് യഹോവയുടെ പരമാധികാരത്തെയാണ്. യുഗാന്ത്യത്തിന്റെ ചിന്തകളെ ഹൃദയം കൊണ്ട് സ്പർശിക്കുമ്പോൾ എല്ലാവരും ഒരുമിച്ചു കൂടുന്ന ആത്യന്തികമായ മനുഷ്യകുലത്തിന്റെ ലക്ഷ്യം- ആരാധനയിലേക്കു കൂടിയാണ് പ്രവചനം നമ്മെ കൈപിടിച്ചുയർത്തുന്നത്. ദൈവപ്രസാദത്തിന്റെയും, മഹത്വപ്രത്യക്ഷതയുടേയും ഒടുങ്ങാത്ത ദൈവസാന്നിധ്യത്തിന്റെയും പ്രതീക്ഷകൾ നൽകിയാണ് പ്രവചനം അവസാനിക്കുന്നത്. നാം തന്നെ ദേവാലയമാകുവാനും ഒരുമയോടെ സഭയെന്ന മന്ദിരത്തിന് മേൽക്കൂരയൊരുക്കാനും ഉചിതമായ സമയങ്ങളിൽ യുക്തമായ ഇടപെടലുകളാകുവാനും ദൈവസാനിധ്യത്തിന്റെ നിമിഷങ്ങളെ അനുനിമിഷം നുകരുവാനും സാധ്യമാവട്ടെ.



സൺഡേസ്കൂൾ സോണൽതല കലാമത്സരങ്ങളിൽ വിജയികളായ നമ്മുടെ ഭദ്രാസന സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കും, കേന്ദ്രതല യുവജന പ്രസ്ഥാന കലാമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ ചെങ്ങന്നൂർ ഭദ്രാസന യുവജന പ്രസ്ഥാനാംഗങ്ങൾക്കും സൺഡേസ്കൂൾ വചനഭൂഷൺ കരസ്ഥമാക്കിയ ഹന്ന മറിയം മത്തായിക്കും

**ആഭിനന്ദനങ്ങൾ**

ചീഫ് എഡിറ്റർ





**Fr. Renny Thomas**
Head & Assistant Professor, Department of Social Work,
St.Gregorios College of Social Science, Parumala

# Beware and Aware

**Introduction**

Drug abuse, generally referred to as substance abuse, is a pattern of drug usage in which the consumer consumes the drug in quantities or ways that are hazardous to them or others. It involves taking drugs (such as alcohol, opioids, or cocaine) excessively or abusing drugs without a valid medical reason.

Abuse of drugs and other substances is now a global concern. There is no place on this planet that is safe from this threat. Drug misuse has become a major issue, negatively affecting a country's physical, social, and economic well-being. It significantly affects the public's health in many facets of society. In India, the drug abuse epidemic among youth has taken worrisome proportions. The strain and stress of contemporary living have increased a person's susceptibility to the problem of substance abuse. Alcohol and drug addiction have an impact not just on the addict but also on their family and the wider community.

Drug addiction, also known as substance dependence or chemical dependency, is characterized by an addictive pattern of drug use that can result in serious issues with tolerance to or withdrawal from the drug as well as other issues that the user may experience at work, in their personal lives, or with their performance in school or college.

Genetics, environment, family, peer pressure, experimentation, low self-esteem, performance enhancement, mental illness, and easy access to drugs are just a few of the many elements that influence drug misuse. Drug usage can result in accidents, injuries, absence from work, school, or college, poor academic performance, behavioural issues, low self-esteem, personality disorders, mental illness, depression, suicidal thoughts, and health issues.

Unfortunately, substance misuse or dependence is fairly common in people with serious mental illnesses. Dual-diagnosis sufferers are also more likely to disregard their treatment regimens.

**Drug Abuse: National Scenario**

A survey by the Delhi Commission for Protection of Child Rights on Substance Abuse by Children found that 95.5 percent of children living in childcare institutions and 93 percent of street children used narcotics, while 100 percent of the children in conflict with the law were drug abusers. The survey also claims that 88% of the children used drugs as a result of "peer pressure". According to Billy Batware, Program Officer at the United Nations Office on Drugs and Crime, 13% of drug and substance abusers in India are under the age of 20, which necessitates increasing community intervention and preventive measures aimed at young people (UNODC).

Children who are victims of child trafficking, child labour, or criminal exploitation frequently have poor mental and physical health, which increases their risk of drugs and alcohol abuse. Children and teenagers are more likely than the overall population to abuse drugs. Youth is a time for experimentation and identity formation, so this is especially true. To cope with the daily cycles of sexual, physical, and emotional abuse or as a kind of recreation to escape a life of poverty, many street children use cheap drugs. The five most popular drugs taken by children in India are

heroin, opium, alcohol, cannabis, and propoxyphene. According to the Juvenile Justice Act of 2015, children who use drugs are regarded to be children in need of care and protection.

**Consumption of Drugs**

There are several ways to consume drugs:

(a) **ORALLY :** Consuming drugs orally is one of the simplest ways to administer it. This method sends the medication to the stomach, where the stomach lining absorbs it, sending it into the bloodstream. Alcohol, marijuana, opium, amphetamines, ecstasy, LSD, and magic mushrooms are the most popular narcotics used in this manner.

(a) **INJECTING:** This technique involves inserting a hollow needle and a syringe through the skin and into the body to administer medicine (usually intravenous, but also intramuscular or subcutaneous). It frequently pertains to drug abuse and substance dependence.

(c) **INHALING:** A wide variety of intoxicating substances have volatile vapours or gases that are inhaled through the nose and trachea.

(d) **SNORTING:** Inhaling the material through the nose, typically as a powder or crushed pill.

Effects of drug abuse on the human body organs Drinking excessively, whether once or repeatedly, can have a negative effect on our health. Alcohol may have the following effects on various body parts:

(a) **BRAIN:** Alcohol can change how the brain functions and looks by interfering with the brain's communication networks. In addition to altering mood and behaviour, these disturbances can also make it more difficult to think properly and move with coordination.

(b) **HEART:** Drinking causes problems including:

- Cardiomyopathy – Stretching and drooping of the heart muscle
- Arrhythmias – Irregular heart beat
- Stroke
- High blood pressure

(c) **LIVER:** Hepatitis, alcoholic hepatitis, fibrosis, and cirrhosis are just a few of the issues and liver inflammations that can result from excessive alcohol consumption.

(d) **PANCREAS:** Alcohol makes the pancreas create toxic compounds that may ultimately result in pancreatitis, a potentially harmful swelling and inflammation of the blood vessels of the pancreas that interferes with appropriate digestion.

(e) Immune System: An immune system that is compromised by excessive drinking makes the body a much easier target for disease. Chronic drinkers are more likely than non-drinkers to get illnesses like pneumonia and TB. Even up to 24 hours after getting intoxicated, excessive drinking reduces your body's ability to fight illnesses.

Nearly every organ in the human body can be negatively impacted by drug addiction and dependence. Drug use can:

- weaken the immune system, making you more vulnerable to diseases
- cause cardiovascular issues like irregular heartbeats and heart attacks.
- Drugs injected can also cause blood vessel and heart valve infections as well as vein collapse.
- cause stomach pain, nausea, and vomiting.
- make the liver work harder, which could result in severe injury or liver failure.
- cause seizures, strokes, and generalised brain damage that can have an effect on many facets of everyday living by impairing memory, concentration, and decision-making, as well as resulting in chronic mental confusion and lifelong brain damage.
- produce physical changes in the body, such as breast development in men, dramatic changes in appetite, and an increase in body temperature, which may have an impact on a number of medical disorders.

**Response of Malankara Orthodox Church**

The Church has initiated a three-year-long project named DRUXIT-Exit Drugs, to address the issues related to substance use and its ill effects. The focus is on prevention and imparting healthy living practices among children, youth and vulnerable groups. This project is organized and supervised by the Ministry of Human Empowerment. There is a need for coordinated efforts of all the spiritual organisations and parishes of our church to keep our future generation from the menace of drugs. All dioceses need to organize human empowerment departments to coordinate these activities at the diocesan level. Training programs and awareness sessions should be organized for students, teachers, and parents inorder to develop drug-free campuses. Traditional folklore and street plays can be used for public propaganda and social conscientization. Thus, we can ensure that our future generations live in a drug-free and healthier society.



വർഗീസ് ജോൺ, തോട്ടപ്പുഴ

# പ്രാഥമിക ലിസ്റ്റും അന്തിമ ലിസ്റ്റും

ഇടവകയോഗം വിളിച്ചു കൂട്ടുന്നതിന് പല ഇടവകകളും വിവിധ നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നത്. വൈദികർ പോലും അവരവർക്ക് യുക്തമെന്നു തോന്നുന്ന രീതികൾ അവലംബിച്ചു വരുന്നു. ഇതിന് ഒരു ഏകീകരണം വരുത്തുന്നതിനും പരാതിരഹിതമായി നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനും ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ തന്റെ ഭദ്രാസനത്തിലെ ഇടവകകൾക്ക് മാതൃകാപരമായ മാർഗനിർദേശങ്ങൾ ചുരുക്കമായി 1986-ലും വിശദമായി 2013-ലും നൽകിയിട്ടുണ്ട്. ഇക്കാര്യത്തിന് സഭാതലത്തിൽ ഗൗരവമായ മാർഗനിർദേശങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളതായി അറിവില്ല.

ഇടവകയോഗം വിളിച്ചു കൂട്ടുന്നതിനെ സംബന്ധിച്ചു പ്രതിപാദിക്കുന്ന മലങ്കരസഭാ ഭരണഘടന 12-ാം വകുപ്പിൽ "...ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിനും വോട്ടു ചെയ്യുന്നതിനും അർഹയുള്ളവരുടെ ലിസ്റ്റ് ഇടവക യോഗത്തെ പറ്റി വിളിച്ചു പറയുന്ന ആദ്യ ഞായറാഴ്ച വികാരിയോ, വികാരിയുടെ നിയോഗമനുസരിച്ച് സെക്രട്ടറിയോ, പള്ളി നോട്ടീസ് ബോർഡിൽ പതിച്ചോ മറ്റു വിധത്തിലോ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു..." എന്നു കാണുന്നു.

### തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ കൽപന (1986)

ഇടവകയോഗം വിളിച്ചു കൂട്ടുന്ന നടപടിക്രമങ്ങൾ വിശദമാക്കിക്കൊണ്ട് ചെങ്ങന്നൂർ മെത്രാസനത്തിന്റെ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ 1986 നവംബർ 18ന് പുറപ്പെടുവിച്ച കൽപനയിൽ (നമ്പർ സി - 19/86) ഇങ്ങനെ പറയുന്നു :

"അടുത്തവർഷത്തെ പുതിയ ഭരണ സമിതിയെ തെരഞ്ഞെടുക്കുന്നത് ഈ ഡിസംബർ മാസത്തിലാണല്ലോ. സഭാഭരണഘടന പ്രകാരം (12-ാം വകുപ്പ്) മാത്രമെ പൊതുയോഗം വിളിച്ചുകൂട്ടി ഭരണ സമിതി അംഗങ്ങളെ തെരഞ്ഞെടുക്കാവൂ. പൊതുയോഗം കൂടുന്നതിന് കുറഞ്ഞത് മൂന്നാഴ്ചക്കു മുമ്പുതന്നെ പൊതുയോഗത്തിൽ സംബന്ധിക്കുന്നതിന് അർഹതയുള്ളവരുടെ പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിക്കണം. ലിസ്റ്റിനെ സംബന്ധിച്ച് ആക്ഷേപങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ഏതാനും ദിവസത്തെ സമയം അനുവദിച്ചു കൊടുക്കണം. അതിനു ശേഷം വേണ്ട ഭേദഗതികളോടുകൂടി ഫൈനൽ വോട്ടേഴ്സ് ലിസ്റ്റ് പള്ളിയുടെ നോട്ടീസ് ബോർഡിലോ, അല്ലെങ്കിൽ ഏവർക്കും കാണത്തക്കവിധത്തിലോ പതിച്ചിരിക്കണം. ഇപ്രകാരം ലിസ്റ്റു പ്രസിദ്ധീകരിച്ചതിനുശേഷം അടുത്തു വരുന്ന ഞായറാഴ്ച പൊതുയോഗം വിളിച്ചു പറയണം. പൊതുയോഗം കൂടുന്നതിനെപ്പറ്റി വിളിച്ചു പറഞ്ഞതിനു ശേഷം വോട്ടേഴ്സ് ലിസ്റ്റിൽ ഭേദഗതികൾ വരുത്തരുത്. അടുത്ത ഞായറാഴ്ച വീണ്ടും പൊതുയോഗം വിളിച്ചു പറഞ്ഞതിനുശേഷം പൊതുയോഗം കൂടേണ്ടതാണ്. പൊതുയോഗം വിളിച്ചു പറയുന്ന രണ്ടവസരങ്ങളിലും വിളിച്ചുപറയുന്ന വിവരങ്ങൾ പ്രത്യേകം റിക്കാർഡ് ചെയ്യുകയും, പൊതുയോഗത്തിന്റെ അജണ്ടാ വ്യക്തമായി പ്രസ്താവിക്കുകയും ചെയ്യണം."

### തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ ലഘുലേഖ (2013 ?)

അഭിവന്ദ്യ തിരുമേനി പ്രസിദ്ധീകരിച്ച "സഭാഭരണഘടനയ്ക്കുള്ളിൽ നിന്നു കൊണ്ട് ഇടവകഭരണം എങ്ങനെ നിർവഹിക്കാം?" എന്ന ലഘുലേഖയിൽ ഇടവകയോഗം വിളിച്ചുകൂട്ടേണ്ടവിധം എന്ന തലക്കെട്ടിൽ പറയുന്ന കാര്യങ്ങൾ താഴെ ചേർക്കുന്നു.

"പൊടുന്നനവെ ഇടവകയോഗം വിളിച്ചു കൂട്ടരുത്. പൊതുയോഗം കൂടുന്നതിന് ഒരു മാസം മുമ്പെങ്കിലും വികാരി താഴെ പറയുന്നപ്രകാരം ഒരു പ്രസ്താവന വി. കുർബ്ബാനയ്ക്കു ശേഷം ചെയ്യണം.

അടുത്തുതന്നെ ഇടവകയോഗം വിളിച്ചു കൂട്ടുന്നതിന് ആഗ്രഹിക്കുന്നുണ്ട്. അതുകൊണ്ട് കുമ്പസാരിച്ച് വി. കുർബ്ബാന അനുഭവിച്ചും കുടിശ്ശിഖ തീർത്തും ഇടവകാംഗങ്ങൾ ഇടവകയോഗത്തിൽ ഇരിക്കുന്നതിനുള്ള അർഹത നേടണം. അടുത്ത ഇടവകയോഗത്തിൽ സംബന്ധിക്കാൻ അർഹത നേടുന്നതിനുള്ള അവസാന തീയതിയും പ്രസ്താവിക്കണം.

അതിനവസരം കൊടുത്തതിനുശേഷം ഒരു ഞായറാഴ്ച പൊതുയോഗത്തിൽ സംബന്ധിക്കുവാൻ അർഹതയുള്ളവരുടെ ഒരു പ്രാഥമിക ലിസ്റ്റ് (Primary List) നോട്ടീസ് ബോർഡിലോ സൗകര്യപ്രദമായ സ്ഥലത്തോ പ്രസിദ്ധപ്പെടുത്തണം. അന്നുതന്നെ വി. കുർബ്ബാനയ്ക്കുശേഷം പ്രാഥമിക ലിസ്റ്റിനെ സംബന്ധിച്ച് ആക്ഷേപമുണ്ടെങ്കിൽ ചുമതലക്കാരെ അറിയിക്കണമെന്നും പ്രസ്താവിക്കണം.

പരാതികളുണ്ടെങ്കിൽ അതു കൂടെ പരിശോധിച്ച് അന്തിമ ലിസ്റ്റ് (Final List) തയ്യാറാക്കി അടുത്ത ഞായറാഴ്ച പ്രസിദ്ധപ്പെടുത്തണം. വികാരിയുടെ നിർദ്ദേശാനുസരണം സെക്രട്ടറിക്ക് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുവാനുള്ള അധികാരമുണ്ട്. കുമ്പസാരിച്ചവരെ സംബന്ധിച്ച് ആധികാരികമായി പറയുവാൻ ചുമതലപ്പെട്ട ആൾ വികാരി ആയതുകൊണ്ട് വികാരിയും, കുടിശ്ശിഖയെപ്പറ്റി ആധികാരികമായി പറയുവാൻ ചുമതലപ്പെട്ടയാൾ കൈക്കാരനായതുകൊണ്ട് കൈക്കാരനും ചേർന്ന് ഒപ്പിട്ട ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ് കൂടുതൽ ഉചിതമായിട്ടുള്ളത്. അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി മുതലാവും പൊതുയോഗത്തിന്റെ നോട്ടീസ് കാലാവധി കണക്കാക്കുക.

ഫൈനൽ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്ന അന്നുതന്നെ ഇടവകയോഗം കൂടുന്ന വിവരം വി. കുർബ്ബാനയ്ക്കു ശേഷം പള്ളിയിൽ പ്രസ്താവിക്കണം. പൊതുയോഗത്തിന്റെ അജണ്ടായും സമയവും ആരുടെ അദ്ധ്യക്ഷതയിൽ എന്നും പ്രസ്താവിച്ചിരിക്കണം. പള്ളിക്കു ചാപ്പലുകൾ ഉണ്ടെങ്കിൽ അവിടെയും നോട്ടീസു വായിക്കുകയും ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും വേണം.

പൊതുയോഗം കൂടുന്ന വിവരം പള്ളിയിൽ പ്രസ്താവിച്ചു കഴിഞ്ഞാൽ പൊതുയോഗം കൂടുന്നതുവരെ ഫൈനൽ ലിസ്റ്റിൽ വ്യത്യാസം വരുത്തരുത്. ഒരാൾ കുമ്പസാരിച്ച് വി. കുർബ്ബാന അനുഭവിക്കുകയും കുടിശ്ശിഖ തീർക്കുകയും ചെയ്താൽപോലും വിളിച്ചുപറഞ്ഞ മേൽപൊതുയോഗത്തിൽ ഇരിക്കുന്നതിന് അയാൾക്ക് അർഹത ഇല്ല എന്നു സാരം. നമ്മുടെ രാജ്യത്ത് ഇലക്ഷൻ കമ്മീഷൻ പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു കഴിഞ്ഞാൽ വോട്ടേഴ്സ് ലിസ്റ്റിൽ പേരു ചേർക്കുന്നതിന് നിയമം അനുവദിക്കുന്നില്ലല്ലോ.

അടുത്ത ഞായറാഴ്ച വി. കുർബ്ബാനയ്ക്കു ശേഷം വീണ്ടും പൊതുയോഗ വിവരം വിളിച്ചു പറഞ്ഞതിനുശേഷം പൊതുയോഗം കൂടാവുന്നതാണ്."

**ലിസ്റ്റുകളെ പറ്റി അൽപം വിശദീകരണം**

അഭിവന്ദ്യ തിരുമേനി പറഞ്ഞിരിക്കുന്ന കാര്യങ്ങളോടൊപ്പം പ്രാഥമിക - അന്തിമ ലിസ്റ്റുകളെ പറ്റി ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനാണ് ഈ കുറിപ്പ്.

സഭാഭരണഘടനയിൽ ഒരു ലിസ്റ്റിന്റെ കാര്യം മാത്രമേ പറയുന്നുള്ളൂ. ആ ലിസ്റ്റിനെ അന്തിമ ലിസ്റ്റ് (Final List) ആയി പരിഗണിക്കണം. മലങ്കരസഭാ ഭരണഘടന 12-ാം വകുപ്പിൽ "...ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിനും വോട്ടു ചെയ്യുന്നതിനും അർഹയുള്ളവരുടെ ലിസ്റ്റ് ഇടവകയോഗത്തെ പറ്റി വിളിച്ചു പറയുന്ന ആദ്യ ഞായറാഴ്ച ... പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു..." എന്നു പറയുന്നതിനാൽ ഇടവകയോഗ നോട്ടീസ് ഔദ്യോഗികമായി വായിക്കുന്ന ആദ്യ ഞായറാഴ്ച തന്നെ അന്തിമലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയാണ് വേണ്ടത്. ഫൈനൽ ലിസ്റ്റിൽ ഭേദഗതി വരുത്താനും പാടില്ല. അന്തിമലിസ്റ്റ് കുറ്റമറ്റതാക്കാനുള്ള ക്രമീകരണമാണ് പ്രാഥമിക ലിസ്റ്റ് (Preliminary/ Primary List) പ്രസിദ്ധീകരണവും മറ്റു നടപടിക്രമങ്ങളും. അതുകൊണ്ട് പ്രാഥമിക ലിസ്റ്റും വളരെ പ്രാധാന്യമർഹിക്കുന്നു. പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതിയിൽ 21 വയസ് പൂർത്തിയായ സ്ത്രീപുരുഷന്മാർക്കാണ് ഇടവകയോഗത്തിൽ പങ്കെടുക്കാനുള്ള അടിസ്ഥാന യോഗ്യത. അന്നു വരെയുള്ള കൃത്യം ഒരു വർഷക്കാലത്തിനുള്ളിൽ കുമ്പസാരിച്ച് വി. കുർബാന അനുഭവിച്ചവരെയും ആറു മാസം മുമ്പുവരെയുള്ള കുടിശിക തീർത്തവരെയുമാണ് പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടത്. പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന്റെ തലേ ഞായറാഴ്ച, പൊതുയോഗത്തിൽ പങ്കെടുക്കുന്നതിന് അന്നു വരെ അർഹതയുള്ളവരുടെ ഒരു കരടു പട്ടിക (Draft List) എല്ലാവരുടെയും അറിവിലേക്കു മാത്രം പ്രസിദ്ധീകരിക്കുന്നതും നല്ലതായിരിക്കും.

അന്തിമ ലിസ്റ്റിൽ ഭേദഗതികൾ വരുത്തരുത് എന്നു പറയുന്നതുപോലെ പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം യോഗ്യത നേടുന്നവരെ ഉൾപ്പെടുത്തുന്നതും ശരിയായ നടപടിയല്ല. നോട്ടപ്പിശകു (Clerical error) മൂലം യഥാസമയം അർഹത നേടിയവരുടെ പേരു വിട്ടുപോകുകയോ അർഹതയില്ലാത്തവരുടെ പേര് ഉൾപ്പെടുകയോ ചെയ്താൽ മാത്രമാണ് പ്രാഥമിക ലിസ്റ്റിൽ ഭേദഗതി വരുത്തേണ്ടത്. എന്നാൽ നോട്ടപ്പിശക് സംഭവിച്ചുവെന്ന് ബോദ്ധ്യം വന്നാൽ രേഖാ മൂലം പരാതി ലഭിക്കാതെ തന്നെ (കൈസ്ഥാനിയുടെയും സെക്രട്ടറിയുടെയും അറിവോടെ)

വികാരി അതു തിരുത്തുന്നതിൽ അപാകതയില്ല. എന്നാൽ അന്തിമലിസ്റ്റിൽ ഒരു ഭേദഗതിയും വരുത്താൻ പാടില്ല. തന്റെ പേര് വോട്ടേഴ്സ് ലിസ്റ്റിൽ ചേർത്താൽ മാത്രം പോരാ, അതിൽ ഉൾപ്പെടുന്നു എന്ന് യഥാസമയം ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം വോട്ടർക്കു തന്നെയാണ്.

ഇടവകയോഗം കൂടുന്ന തീയതി വരെയുള്ള കൃത്യം ഒരു വർഷക്കാലത്തു കുമ്പസാരിച്ച് വി. കുർബാന അനുഭവിച്ചവരെയും ആറു മാസം മുമ്പുവരെയുള്ള കുടിശിക തീർത്തവരെയും പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന രീതിയുണ്ട്. അതല്ല, അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി വരെയുള്ള കൃത്യം ഒരു വർഷക്കാലത്തു കുമ്പസാരിച്ച് വി. കുർബാന അനുഭവിച്ചവരെയും ആറു മാസം മുമ്പുവരെയുള്ള കുടിശിക തീർത്തവരെയുമാണ് പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടത് എന്നൊരു വാദമുണ്ട്. എങ്കിലും പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി വരെയുള്ള കൃത്യം ഒരു വർഷക്കാലത്തു കുമ്പസാരിച്ച് വി. കുർബാന അനുഭവിച്ചവരെയും ആറു മാസം മുമ്പുവരെയുള്ള കുടിശിക തീർത്തവരെയും പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ് അഭികാമ്യം.

അതുപോലെ ഇടവകയോഗം കൂടുന്ന തീയതിയെയോ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതിയെയോ അടിസ്ഥാനമാക്കി പ്രായം കണക്കാക്കുന്ന രീതിയുമുണ്ട്. എങ്കിലും പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതിയാണ് അഭികാമ്യം.

ഇടവകയോഗ നോട്ടീസിലെ 'അജണ്ടാ'യിൽ ആലോചനാവിഷയങ്ങൾ മാത്രം ഉൾക്കൊള്ളിച്ചാൽ മതിയാകും. പ്രോഗ്രാം (കാര്യപരിപാടികൾ) മുഴുവനായി വേണമെന്നില്ല.

എല്ലാ ഇടവകയോഗവും ഈ നടപടിക്രമങ്ങൾ പാലിച്ച് കൂടിയാൽ പല പ്രശ്നങ്ങളും പരാതികളും ഒഴിവാക്കാൻ സാധിക്കും. ഇടവകഭരണസമിതി, മെത്രാസന ഇടവക യോഗ പ്രതിനിധികൾ, മലങ്കര അസോസിയേഷൻ പ്രതിനിധികൾ തുടങ്ങിയ തെരഞ്ഞെടുപ്പുകൾ നടത്തുന്ന ഇടവകയോഗങ്ങൾ വളരെ ശ്രദ്ധാപൂർവം നടത്തേണ്ടിയിരിക്കുന്നു. നോട്ടീസ് ബുക്കിൽ രേഖപ്പെടുത്തി തന്നെ പ്രസ്താവനകൾ നടത്തണം. പ്രസ്താവനകളുടെ പ്രസക്ത ഭാഗങ്ങൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതും അതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കുന്നതും നല്ലതാണ്. മലങ്കര അസോസിയേഷൻ - മെത്രാസന ഇടവക യോഗ പ്രതിനിധികളുടെ തെരഞ്ഞെടുപ്പു നടപടികൾ നോട്ടീസ് കൽപന പുറപ്പെടുവിച്ചതിനു ശേഷം മാത്രമേ ആരംഭിക്കാവൂ; യോഗ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുപ്പു നടത്താൻ കുറഞ്ഞത് 4 ഞായറാഴ്ചകൾ ഉൾപ്പെടുന്ന 22 ദിവസം തന്നെ വേണ്ടി വരും.

അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷമുള്ള ദിവസങ്ങളിൽ നാമനിർദേശ പത്രിക സ്വീകരിക്കുന്നതു മുതൽ ഫലപ്രഖ്യാപനം നടത്തുന്നതു വരെയുള്ള നടപടികൾക്ക് കൃത്യമായ സമയക്രമീകരണം ആവശ്യമെങ്കിൽ മുൻകൂട്ടി നിശ്ചയിക്കാവുന്നതാണ്.

ഇടവകയോഗങ്ങളുടെ സുഗമമായ നടത്തിപ്പിന് ചില ഇടവകകളിൽ സഭാഭരണഘടനയ്ക്ക് വിധേയമായി ഇടവകയോഗം തന്നെ പാസ്സാക്കിയ നടപടിക്രമങ്ങളുണ്ട്; പലതിലും ന്യൂനതകളുണ്ട്. അതുകൊണ്ട് സഭാതലത്തിൽ തന്നെ ഉപചട്ടങ്ങൾ (ബൈലോ) / മാർഗനിർദേശങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയിൽ (2017 - 2022) ഇതിനുവേണ്ടി ഈ ലേഖകൻ പലവിധ ശ്രമങ്ങൾ നടത്തിയിട്ടും ഒന്നും വിജയിച്ചില്ല.

(അവസാനിക്കുന്നില്ല)



## മാർ തോമ്മാശ്ലീഹായുടെ തിരുശേഷിപ്പ്

ഈ ഫോട്ടോ അധികം ആരും കണ്ടിട്ടില്ല. സഭയുടെ ഒരു പുസ്തകത്തിലും വന്നിട്ടില്ല. 1965-ൽ മാർ തോമ്മാശ്ലീഹായുടെ തിരുശേഷിപ്പ് മൂസ്സലിൽ നിന്നും കാലം ചെയ്ത സഖാ പത്രിയർക്കിസ് ബാവ, സേവേറിയോസ്സ് മെത്രാൻ ആയിരിക്കുമ്പോൾ നമ്മുടെ ഔഗേൻ ബാവയ്ക്ക് നൽകി. അതാണ് ദേവലോകത്ത് ഉള്ളത്. ഈ തിരുശേഷിപ്പുമായി ഔഗേൻ ബാവ കോയമ്പത്തൂർ എയർപോർട്ടിൽ വന്നിറങ്ങുന്ന ഫോട്ടോ ആണ് ഇത്. കൂടെയുള്ള അച്ചൻ വയലത്തല സ്ലീബാ പള്ളി അംഗം കാവതിയിൽ സക്കറിയ കോർ എപ്പിസ്കോപ്പ അച്ചനാണ് ബാവയെ സ്വീകരിക്കാൻ എയർപോർട്ടിൽ പോയത്. പലർക്കും അറിയാത്ത ഒരു ഫോട്ടോയാണ്.

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നിങ്ങളെല്ലാവരും സന്തോഷമായിരിക്കുന്നുവല്ലോ. ഒരു പുതിയ വർഷം കാണുവാൻ ദൈവം നമുക്ക് തന്ന ആയുസ്സിനായി ദൈവത്തെ സ്തുതിക്കാം. പുത്തൻ പ്രതീക്ഷകളും, ജീവിത അനുഭവങ്ങളുമാണ് നമ്മെ കാത്തിരിക്കുന്നത്. എപ്പോഴും പുതുമ എന്നത് നമ്മിൽ വല്ലാത്ത കൗതുകമാണ്. ഇപ്പോഴുള്ളതിനേക്കാൾ അധികമായി ചിന്തിക്കുവാനും, വളരുവാനും, നന്മ നിറഞ്ഞ ഒരു ജീവിതം ആർജിച്ചെടുക്കുവാനുമുള്ള ഒരു അഭിനിവേശം സൂക്ഷിക്കുവാൻ നിങ്ങൾക്കിടയാകട്ടെ.

ഒരിക്കൽ, ഒരിടത്ത് മലഞ്ചെരുവിൽ മേഞ്ഞുനടക്കുന്ന ഗ്രാമത്തിലെ ആടുകളെ മേയ്ക്കുന്ന ഒരു കുട്ടിയുണ്ടായിരുന്നു. ഒരു ദിവസം ഗ്രാമീണരെ പറ്റിക്കണമെന്ന ചിന്തയോടെ ചെന്നായ! ചെന്നായ! ചെന്നായ ആടുകളെ പിന്തുടരുന്നു! എന്ന് ഉച്ചത്തിൽ വിളിച്ചു പറയുവാൻ തുടങ്ങി. ആ കരച്ചിൽ കേട്ട് ഗ്രാമവാസികൾ ചെന്നായയെ ഓടിക്കാൻ കുന്നിന് മുകളിൽ ഓടിയെത്തി. പക്ഷേ, അവർ എത്തിയപ്പോൾ ചെന്നായയെ കണ്ടില്ല. തങ്ങൾ പറ്റിക്കപ്പെട്ടെന്ന് മനസ്സിലായ ഗ്രാമീണർ ഇനി അങ്ങനെ ചെയ്യരുതെന്ന് മുന്നറിയിപ്പ് നൽകി മടങ്ങി. കുറെ ദിവസങ്ങൾക്കു ശേഷം, ഇടയബാലൻ ഒരിക്കൽ കൂടി നിലവിളിച്ചു: ''ചെന്നായ! ചെന്നായ! ചെന്നായ ആടുകളെ പിന്തുടരുന്നു! ചെന്നായയെ വിരട്ടി ഓടിക്കാൻ, വെറുതെ ഗ്രാമവാസികൾ മലമുകളിലേക്ക് ഓടിയെത്തുന്നത് കണ്ട് ഇടയ ബാലൻ അവരെ വീണ്ടും പറ്റിച്ചതോർത്ത് ചിരിച്ചു. തങ്ങൾ വീണ്ടും പറ്റിക്കപ്പെട്ടെന്ന് മനസ്സിലായ ഗ്രാമവാസികൾ വീണ്ടും അവനെ താക്കീത് ചെയ്ത് മടങ്ങി. എന്നാൽ പിന്നീട് ഒരു ദിവസം തന്റെ ആട്ടിൻകൂട്ടത്തിന് ചുറ്റും ഒരു യഥാർത്ഥ ചെന്നായ ഓടിയടുക്കുന്നത് ആ കുട്ടി കണ്ടു. പരിഭ്രാന്തനായ അയാൾ ചാടിയെഴുന്നേറ്റു, കഴിയുന്നത്ര ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: ''ചെന്നായ! ചെന്നായ!'' എന്നാൽ അവൻ വീണ്ടും തങ്ങളെ കബളിപ്പിക്കുകയാണെന്ന് ഗ്രാമവാസികൾ കരുതി, അവർ സഹായിക്കാൻ ചെന്നില്ല. സൂര്യാസ്തമയ സമയത്ത്, ഗ്രാമവാസികൾ തന്റെ ആടുകളുമായി തിരിച്ചെത്താത്ത ആ കുട്ടിയെ അന്വേഷിച്ചു. അവർ കുന്നിൻ മുകളിൽ ചെന്നപ്പോൾ അവൻ കരയുന്നത് കണ്ടു. ഇവിടെ ശരിക്കും ഒരു ചെന്നായ ഉണ്ടായിരുന്നു! ആ ചെന്നായ എന്റെ ആട്ടിൻ കൂട്ടത്തെ മുഴുവനായി കൊന്നു, 'ചെന്നായ' എന്ന് ഞാൻ നിലവിളിച്ചു, പക്ഷേ നിങ്ങൾ വന്നില്ല,'' അവൻ വിലപിച്ചു. ഒരു വൃദ്ധൻ കുട്ടിയെ ആശ്വസിപ്പിക്കാൻ പോയി. അയാൾ അവനെ ചുറ്റിപ്പിടിച്ചുകൊണ്ട് പറഞ്ഞു: 'സത്യം പറയുമ്പോഴും ആരും ഒരു നുണയനെ വിശ്വസിക്കില്ല!' ജീവിതത്തിൽ മറ്റുള്ളവരെ കബളിപ്പിച്ചു രസിക്കുന്നവരാകരുത്, ജീവൻ നഷ്ടപെടുമെന്ന അവസ്ഥ ഉണ്ടായാലും സത്യം മാത്രം പറയുക, കാരണം ഈ ലോകത്തിൽ സത്യം മാത്രമേ നിലനിൽക്കൂ. സത്യം പറയുവാൻ ത്രാണിയുണ്ടാകേണമേ എന്ന് പ്രാർത്ഥിക്കുക.

ജനുവരി 6 കർത്താവിന്റെ മാമോദീസാ അഥവാ ദനഹാ പെരുന്നാൾ ആഘോഷിച്ചു. തന്റെ മുന്നോടിയായ സ്നാപക യോഹന്നാനിൽ നിന്നുമാണ് നമ്മുടെ കർത്താവ് സ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിയാമല്ലോ. 'അവൻ വളരേണം, ഞാനോ കുറയേണം' (വി.യോഹന്നാൻ 3 : 30) എന്ന ചിന്താഗതിയിൽ ജീവിച്ചവനായിരുന്നു സ്നാപക യോഹന്നാൻ. നാം വളരണമെന്ന് ആഗ്രഹിക്കുമ്പോൾ തന്നെ മറ്റുള്ളവരുടെ വളർച്ചക്കുവേണ്ടി കൂടി ആഗ്രഹിക്കുന്ന ഒരു മനോഭാവം സ്വീകരിക്കുവാൻ നമുക്കാവട്ടെ. അധികാരത്തിന്റെ ദുർവൃത്തികൾക്കെതിരെ ശബ്ദിക്കുവാൻ ധൈര്യം കാട്ടിയവനായിരുന്നു യോഹന്നാൻ. തിന്മക്കെതിരായി ശബ്ദമുയർത്തുവാൻ നിങ്ങൾക്ക് കഴിയണം. കർത്താവ് യോർദ്ധാൻ നദിയിൽ സ്നാനത്തിനായി ഇറങ്ങിയതു മൂലം ലോകത്തിലെ സകല ഉറവുകളും ശുദ്ധീകരിക്കപ്പെട്ടു എന്ന വലിയ ചിന്തയിലാണ് ദനഹായിലെ വെള്ളം വാഴ്ത്തുന്ന ശുശ്രൂഷപിതാക്കന്മാർ ക്രമികരിച്ചിരിക്കുന്നത്. നമ്മുടെ ശുദ്ധജല ഉറവുകൾ മലിനപ്പെടാതെ സൂക്ഷിക്കണം എന്ന പാഠവും ഈ ശുശ്രൂഷകളിൽ കൂടി നമുക്ക് ലഭിക്കുന്നു.

ദൈവഹിതം അനുസരിക്കുവാൻ തയ്യാറാകാതെ ഓടിപ്പോകുവാൻ ശ്രമിക്കുന്ന യോനാ പ്രവാചകന്റെ ജീവിതത്തെ ധ്യാനിക്കുന്ന മൂന്ന് നോമ്പിലേക്ക് കൂടി സഭ പ്രവേശിക്കുന്നു. ദൈവത്തെ ഒളിച്ച് എവിടെയും പോകുവാൻ നമുക്ക് കഴിയില്ല എന്നും ദൈവത്തെ പരിപൂർണമായും അനുസരിക്കുവാൻ നാം തയ്യാറാകണം എന്നും യോനാ പ്രവാചകന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ സ്വന്തം

**ജൂലി ചേച്ചി**

## ക്വിസ് 5 പുറപ്പാട് പുസ്തകം

ഡീ. റിനോ കെ. മാത്യു

1) കഠിന വേലയുടെ ഭാഗമായി ഇസ്രയേൽക്കാർ മിസ്രയീമിൽ നിർമ്മിച്ച രണ്ട് സംഹാര നഗരങ്ങൾ ?
2) മോശയുടെ ഗോത്രം ഏത് ?
3) മിസ്രമീനെ കൊന്നശേഷം മോശ എവിടേക്കാണ് ഒളിച്ചോടിയത് ?
4) മോശയുടെ ഭാര്യാപിതാവിന്റെ വിവിധ പേരുകൾ ഏവ?
5) ഫറവോനോട് സംസാരിക്കുമ്പോൾ മോശയ്ക്കും അഹറോനും എത്ര വയസ്സായിരുന്നു?
6) മോശ ദൈവത്തിന്റെ പേര് എന്താകുന്നു എന്ന് ചോദിച്ചതിന് ലഭിച്ച ഉത്തരം?
7) ഇസ്രയേൽക്കാർ കാണാകാനാനിലേക്ക് എവിടെ നിന്നാണ് തിരിച്ചത്?
8) ഇസ്രയേൽക്കാർ മിസ്രയീമിൽ നിന്ന് പുറപ്പെടുന്നതിനു മുമ്പ് ആചരിക്കുവാൻ ദൈവം കൽപ്പിച്ച ചടങ്ങ് ഏത്?
9) പെസഹാ കുഞ്ഞാട് ആരുടെ ദൃഷ്ടാന്തമാണ് ?
10) ഇസ്രയേൽ മക്കൾ ചെങ്കടൽ കടന്നപ്പോൾ തപ്പു എടുക്കുകയും നൃത്തം ചെയ്യുകയും ചെയ്ത പ്രവാചകി?
11) ഇസ്രയേൽ മക്കൾക്ക് ആദ്യമായി മന്ന ലഭിച്ചത് എവിടെ?
12) ഇസ്രയേൽ മക്കൾ മന്ന ഭക്ഷിച്ച് എത്രനാൾ മരുഭൂമിയിൽ ജീവിച്ചു?
13) മോശ പാറമേൽ അടിച്ചു വെള്ളം പുറപ്പെടുവിച്ചത് എവിടെ വെച്ച് ?
14) യഹോവേയെ പരീക്ഷിച്ച സ്ഥലത്തിന് മോശ കൊടുത്ത പേരെന്ത്?
15) അമാലേക്യരോട് ജയിച്ച സ്ഥലത്ത് നിർമ്മിച്ച യാഗ പീഠത്തിന് മോശ നൽകിയ പേര്?
16) പത്തു കൽപ്പനകൾ എവിടെ വച്ചാണ് ലഭിച്ചത്?
17) മോശ ദൈവത്തോട് കൂടി സീനായി മലയിൽ എത്ര നാൾ പാർത്തു?
18) സമാഗമന കൂടാരം നിർമ്മിക്കുവാൻ യഹോവ ആരെയാണ് ചുമതലപ്പെടുത്തിയത് ?
19) സമാഗമന കൂടാരത്തിന് മറ്റൊരു പേര് എന്താണ് ?
20) സമാഗമന കൂടാരത്തിന്റെ നിർമ്മാണത്തിന് മോശ നിയോഗിച്ച രണ്ട് കൗശലപ്പണിക്കാർ ആരൊക്കെ?
21) സമാഗമന കൂടാരത്തിന് എത്ര പലകകൾ ഉണ്ടായിരുന്നു?
22) അഹറോന്റെ മക്കൾ ആരെല്ലാം?
23) മോശ ആരുടെ അസ്ഥികളാണ് കനാൻ നാട്ടിലേക്ക് കൊണ്ടുപോയത്?
24) അടിമവീട് ഏതാണ് ?
25) യിസ്രായേൽ മക്കൾ മിസ്രയിമിൽ എത്ര വർഷം ജീവിച്ചു?

**ഉത്തരങ്ങൾ 15-02-2023 ന് മുമ്പ് 9495765393 എന്ന നമ്പറിൽ അയച്ചുതരേണ്ടതാണ്.**


## ഉത്തരങ്ങൾ ക്വിസ് 4

1. ഹാബേൽ
2. ഹാബേലിന്റെ
3. കയീൻ
4. ഹാബേൽ
5. കയീന്റെ
6. കയീനെ
7. നോദ്
8. ഹാനോക്ക്
9. ഹാനോക്ക്
10. ലാമെക്ക്
11. യാബാൽ
12. യൂബാൽ
13. തൂബൽകയീൻ
14. നയമാ
15. എഴുപത്തേഴിരട്ടി
16. ശേത്ത്
17. ഏനോശിന്റെ
18. നൂറ്റിമുപ്പത്
19. മുന്നൂറ്ററുപത്തഞ്ച്
20. ഹാനോക്ക്
21. തൊള്ളായിര ത്തറുപത്തൊമ്പത്
22. മെഥൂശലഹ്: 969 വർഷം
23. ആശ്വാസം
24. എഴുനൂറ്റെഴുപത്തേഴ്
25. ശേം, ഹാം, യാഫെത്ത്

## ക്വിസ് - 4 ശരിയുത്തരങ്ങൾ നൽകിയവർ

1. ഏലിയാമ്മ ഈപ്പൻ പുത്തൻകാവ് 2. സൂസൻ തോമസ് പുത്തൻകാവ് 3. ജൂലി തോമസ് യോർദ്ദാൻപുരം
4. സുജ അലക്സ് മുളക്കുഴ 5. ജോയിസ് ഉമ്മൻ 6. അക്കാമ്മ ജോയി പേരിശ്ശേരി ഈസ്റ്റ്
7. സൂസൻ കല്ലുങ്കൽ വെസ്റ്റ് 8. ഏലിയാമ്മ ചാക്കോ കല്ലുങ്കൽ വെസ്റ്റ് 9. സലിലാ ജോസ് പേരിശ്ശേരി
10. കോശി ജോസ് പേരിശ്ശേരി 11. അലീന തോമസ് ബഥേൽ 12. റയിച്ചൽ ജോർജ്ജ് മെഴുവേലി
13. മോളി സുനിൽ കല്ലുങ്കൽ വെസ്റ്റ് 14. റോസമ്മ റോയി നീർവിളാകം 15. ചിന്നമ്മ ജോർജ്ജ് കൂർത്തമല
16. അന്നമ്മ ഏബ്രഹാം പിരളശ്ശേരി 17. ഷീല ജോസഫ് കാരയ്ക്കാട് 18. ഏലിയാമ്മ വർഗ്ഗീസ് തോട്ടപ്പുഴ.
9. ഉഷാ മത്തായി കൂർത്തമല 20. തങ്കമ്മ അലക്സ്, ആറ്റുവ 21. ലിസ്സി ജോസ്, പൂഴിക്കാട്
22. ജോബി ജോർജ്ജ്, കുടശ്ശനാട്. 23. ലിന്റാ അന്നാ ചാക്കോ, യോർദാൻപുരം

വിജയി : **അന്നമ്മ ഏബ്രഹാം പിരളശ്ശേരി**



# ബനഡിക്ട് പതിനാറാമൻ മാർപാപ്പാ കാലം ചെയ്തു

റോമൻ കത്തോലിക്കാ സഭയുടെ സ്ഥാനമൊഴിഞ്ഞ തലവൻ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ (95) കാലം ചെയ്തു. വത്തിക്കാനിൽ ഡിസംബർ 31 രാവിലെയായിരുന്നു അന്ത്യം. 2013ൽ സ്ഥാനമൊഴിഞ്ഞ അദ്ദേഹം വിശ്രമജീവിതത്തിലായിരുന്നു. കബറടക്കം ഫ്രാൻസിസ് മാർപാപ്പായുടെ കാർമികത്വത്തിൽ ജനുവരി 5-ന് നടന്നു. മലങ്കര സഭയെ പ്രതിനിധീകരിച്ച് യുകെ-യൂറോപ്പ്-ആഫ്രിക്കാ മെത്രാസനത്തിന്റെ ഏബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ സംബന്ധിച്ചു. കോപ്റ്റിക്, അർമേനിയൻ ഉൾപ്പെടെ വിവിധ ഓർത്തഡോക്സ് സഭകളുടെ പ്രതിനിധികൾ കബറടക്ക ശുശ്രൂഷയിൽ പങ്കെടുത്തു.

മാർപാപ്പായുടെ വേർപാടിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അനുശോചിച്ചു. "വേദശാസ്ത്രപണ്ഡിതനും വ്യത്യസ്തത കൊണ്ട് ശ്രദ്ധേയനുമായിരുന്നു ബനഡിക്ട് പതിനാറാമൻ മാർപാപ്പാ; കാലോചിതമായി സഭാവിശ്വാസത്തെ വ്യാഖ്യാനിക്കാൻ ശ്രമിച്ച പിതാവായിരുന്നു അദ്ദേഹം" എന്ന് പരിശുദ്ധ ബാവായുടെ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

ജർമനിയിലെ ബവേറിയ പ്രവിശ്യയിൽ 1927 ഏപ്രിൽ 16-ന് ബനഡിക്ട് എന്ന ജോസഫ് റാറ്റ്സിംഗർ ജനിച്ചു. 1951ൽ വൈദികപട്ടം സ്വീകരിച്ചു. 1977ൽ മ്യൂണിക് ആർച്ച്ബിഷപ്പായി. 1977 ജൂൺ 27-ന് കർദിനാൾ പദവി ലഭിച്ചു. 2005 ഏപ്രിൽ 19-ന് മാർപാപ്പായായി തെരഞ്ഞെടുക്കപ്പെട്ടു; 24-ന് സ്ഥാനാരോഹണം ചെയ്തു. 2013 ഫെബ്രുവരി 28-ന് സ്ഥാനമൊഴിഞ്ഞു. തുടർന്ന് 'പോപ്പ് ഇമെരിറ്റസ്' എന്നറിയപ്പെട്ടു തുടങ്ങി.



# ജോർജിയോസ് മൂന്നാമൻ പുതിയ സൈപ്രസ് ആർച്ചു ബിഷപ്പ്

സൈപ്രസ് ഓർത്തഡോക്സ് സഭയുടെ പുതിയ ആർച്ചുബിഷപ്പായി ജോർജിയോസ് മൂന്നാമൻ (73) സ്ഥാനാരോഹണം ചെയ്തു. സൈപ്രസ് സഭയുടെ 76-ാമത്തെ തലവനായ അദ്ദേഹം 2022 നവംബർ 7-ന് കാലംചെയ്ത ആർച്ച് ബിഷപ്പ് ക്രിസോസ്റ്റമോസ് രണ്ടാമന്റെ പിൻഗാമിയാണ്. 'ന്യൂജസ്റ്റീനിയന്റെയും സൈപ്രസ് മുഴുവന്റെയും ആർച്ചു ബിഷപ്പ്' ആയി 2023 ജനുവരി 8-നാണ് അദ്ദേഹം സ്ഥാനാരോഹണം ചെയ്തത്. മുൻഗാമിയുടെ കാലശേഷം പാഫോസ് ഭദ്രാസന മെത്രാപ്പോലീത്താ എന്ന നിലയിൽ സഭാതലവന്റെ താൽക്കാലിക ചുമതല നിർവഹിക്കുകയായിരുന്നു.

പുതിയ ആർച്ചുബിഷപ്പ് 1949 മേയ് 25ന് ജനിച്ചു. രസതന്ത്രത്തിലും വേദശാസ്ത്രത്തിലും ബിരുദം നേടിയ ശേഷം 1984ൽ ശെമ്മാശനും 1985ൽ വൈദികനും ആർച്ച്മാൻഡ്രേറ്റും ആയി. 1994ൽ സിനഡ് സെക്രട്ടറിയായി. ഇതോടൊപ്പം സെക്കണ്ടറി സ്കൂളുകളിൽ രസതന്ത്ര അദ്ധ്യാപകനായി പ്രവർത്തിച്ചു. 1993ൽ അസിസ്റ്റന്റ് ഡയറക്ടറായി. 1996 മേയ് 26ന് ബിഷപ്പും തുടർന്ന് മെത്രാപ്പോലീത്തായും ആയി. പല രാജ്യാന്തര സമ്മേളനങ്ങളിലും സൈപ്രസ് സഭയുടെ പ്രതിനിധിയായി സംബന്ധിച്ചിട്ടുണ്ട്.





# ഡോ. മാത്യൂസ് മാർ തീമോത്തിയോസ് തിരുമേനി ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്താ

ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ

മലങ്കര ഓർത്തഡോക്സ് സഭ ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ രണ്ടാമത്തെ മെത്രാപ്പോലീത്തായായി നിയമിതനായ ഡോ.മാത്യൂസ് മാർ തീമോത്തിയോസിന്റെ സ്ഥാനാരോഹണ ശുശ്രൂഷ പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ മുഖ്യകാർമ്മി കത്വത്തിൽ 2023 ജനുവരി 1 ഞായറാഴ്ച 3 മണിക്ക് ബഥേൽ അരമനയിൽ നടന്നു. 1985 ആഗസ്റ്റ് 10-ാം തീയതിയാണ് ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ വച്ച് പ്രഥമ മെത്രാപ്പോലീത്തായായിരുന്ന ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസിന്റെ സുന്ത്രോ ണീസോ നടന്നത്. 37 വർഷങ്ങൾക്കുശേഷമാണ് വീണ്ടും ഇത്തരം ഒരു ശുശ്രൂഷ ചെങ്ങന്നൂർ ഭദ്രാസനത്തിൽ നടന്നത്. സുന്നഹദോസിന്റെ തീരുമാനമനുസരിച്ച് സഭയിലെ മെത്രാന്മാർക്ക് ഭദ്രാസന ചുമതല നല്കിയതിൻ പ്രകാരമാണ് ഭദ്രാസനത്തിന്റെ സഹായമെത്രാപ്പോലീത്തായായി 2017 ആഗസ്റ്റ് 15 മുതൽ പ്രവർത്തിച്ചു വന്നിരുന്ന ഡോ. മാത്യൂസ് മാർ തീമോത്തിയോസ് ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ പൂർണ്ണ ചുമതലയിലേക്ക് എത്തിയത്. 1-ാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് ഓതറ ദയറായിൽ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായിരുന്ന തോമസ് മാർ അത്താനാസിയോസിന്റെ കബറിങ്കൽ മാർ തീമോത്തിയോസ് ധൂപ പ്രാർത്ഥന നടത്തി. തുടർന്ന് പരിശുദ്ധ കാതോലിക്കാ ബാവായെയും, സഭാപിതാക്കന്മാരെയും ഭദ്രാസനത്തിലെ വൈദികർ, കൗൺസിൽ അംഗങ്ങൾ, മാനേജിംഗ് കമ്മറ്റിയംഗങ്ങൾ, സുവിശേഷ സംഘം പ്രവർത്തകർ, വിശ്വാസ സമൂഹം എന്നിവരുടെ നേതൃത്വത്തിൽ ബഥേൽ മാർ ഗ്രീഗോറിയോസ് അരമന പള്ളിയിലേക്ക് സ്വീകരിച്ചു. തുടർന്ന് കാതോലിക്കാ ബാവാ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിലും സഭാപിതാക്കന്മാരുടെ നേതൃത്വത്തിലും സുന്ത്രോണീസോ ശുശ്രൂഷ നടന്നു. ശുശ്രൂഷാ മധ്യേ മാർ തീമോത്തിയോസിനെ ഇവൻ യോഗ്യൻ എന്നർത്ഥമുള്ള ഓക്സിയോസ് ചൊല്ലി എടുത്തുയർത്തുകയും തുടർന്ന് വിശ്വാസ സമൂഹം യോഗ്യൻ എന്നേറ്റു പറയുകയും ചെയ്തു. തുടർന്ന് സ്ഥാത്തിക്കോൻ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ വായിച്ചു. ശുശ്രൂഷകൾക്ക് കുര്യാക്കോസ് മാർ ക്ലീമീസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ.യൂഹാനോൻ മാർ ദീയസ്ക്കോറോസ്, ഡോ. ഏബ്രഹാം മാർ എപ്പിഫാനിയോസ്, യാക്കോബ് മാർ ഏലിയാസ്, ഗീവർഗീസ് മാർ പീലക്സിനോസ് എന്നിവർ സഹകർമ്മികത്വം വഹിച്ചു. സഭയുടെ വിവിധ മേഖലകളിൽ നിന്നുള്ള വിശിഷ്ട വ്യക്തിത്വങ്ങൾ, വൈദീകർ, വിശ്വാസികൾ എന്നിവർ ശുശ്രൂഷകളിൽ സംബന്ധിച്ചു. തുടർന്ന് പരിശുദ്ധ കാതോലിക്കാ ബാവായെയും, സഭാ പിതാക്കന്മാരെയും, വിശിഷ്ടാഥിതികളെയും ബഥേൽ അരമന ആഡിറ്റോറിയത്തിലേക്ക് സ്വീകരിച്ചു. 4.30 ന് മണിക്ക് അനുമോദനയോഗം നടന്നു. സഭയിലെ സീനിയർ മെത്രാപ്പൊലീത്ത അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലീമിസ് അദ്ധ്യക്ഷത വഹിച്ച യോഗം പരിശുദ്ധ കാതോലിക്കാ ബാവാ ഉത്ഘാടനം ചെയ്തു. മലങ്കര കത്തോലിക്കാ സഭ തിരുവല്ല രൂപതയിലെ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ, മാർത്തോമ്മാ സഭ ചെങ്ങന്നൂർ - മാവേലിക്കര ഭദ്രാസനാധിപൻ റൈറ്റ് റവ. തോമസ് മാർ തീമോത്തിയോസ് എപ്പിസ്കോപ്പ, ലത്തീൻ കത്തോലിക്കാ സഭ പുനലൂർ ഭദ്രാസനാധിപൻ ബിഷപ്പ് സിൽവസ്റ്റർ പൊന്നുമുത്തൻ, സുന്നഹദോസ് സെക്രട്ടറി ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പൊലീത്താ, മാവേലിക്കര ഭദ്രാസന മെത്രാപ്പൊലീത്താ ഡോ.ഏബ്രഹാം മാർഎപ്പിഫാനിയോസ്, ബ്രഹ്മവാർ ഭദ്രാസന മെത്രാപ്പൊലീത്താ യാക്കോബ് മാർ ഏലിയാസ്, കൊടിക്കുന്നിൽ സുരേഷ് എം.പി., സജി ചെറിയാൻ എം.എൽ.എ, എന്നിവർ പ്രസംഗിച്ചു. തുടർന്ന് ഭദ്രാസനത്തിന്റെ വകയായുള്ള വിവിധ ഉപഹാരങ്ങൾ അഭിവന്ദ്യ തിരുമേനിക്ക് സമർപ്പിച്ചു. ഭിന്നശേഷി കുട്ടികൾക്കു വേണ്ടി പാണ്ടനാട്ടിൽ പണി കഴിപ്പിക്കുന്ന സ്പെഷ്യൽ സ്കൂൾ പദ്ധതിയുടെ ഉത്ഘാടനം പരിശുദ്ധ കാതോലിക്കാ ബാവാ നിർവഹിച്ചു. തുടർന്ന് ഭദ്രാസന ചുമതലയേറ്റ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് തിരുമേനി മറുപടി പ്രസംഗം നടത്തി. യോഗത്തിൽ ഭദ്രാസന സെക്രട്ടറി ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ സ്വാഗതവും, ഫാ. പി. കെ. കോശി നന്ദിയും പറഞ്ഞു. ഭദ്രാസനത്തിലെ മുഴുവൻ ദേവാലയങ്ങളിൽ നിന്നും വിശ്വാസികൾ പങ്കെടുത്തു. ചെങ്ങന്നൂരിന്റെ സാമൂഹ്യ സാംസ്ക്കാരിക രാഷ്ട്രീയ സമുദായിക മണ്ഡലങ്ങളിലെ പ്രമുഖ വ്യക്തിത്വങ്ങൾ ചടങ്ങുകളിൽ പങ്കെടുത്തു. ഭദ്രാസന കൗൺസിലിന്റെ പ്രധാന നേതൃത്വത്തിൽ വിവിധ സബ് കമ്മിറ്റികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

Whoever believes in me will live, even though he dies John. 11:25

*in loving memory of*





## 10-01-2018

**Meera.T.Abraham.MABEd**

**( Sini ) Teacher M.S.S.H.S Thazhakara )**



**M.V.JOHN Bsc BEd ( AEO )**

**11-01-1990**

**SUSAMMA JOHN**

**12-10-2018**

*with prayers*

Satheesh Manickassery
Shawn, Shiyon
Adv. Santhosh Manickassery
Bindhu Mani
Shane,Shinoy

# ആശംസകൾ



## Bessel Raj Varghese

**S/o. Mr. Rachel Rajan &**
**Fr. Rajan Varghese**
**Vadakkethil Anugraha**
**Perissery P. O., Chengannur.**





## Dr. Reenu Susan Abraham

**D/o. Mrs. Bessy Chacko &**
**Mr. Abraham Umman**
**Chakkitedathu House**
**Karakkad P. O., Chengannur**

Printed & Published by Diocesan Secretary | Owned by Diocese of Chengannur
Chief Editor Fr. Mathew Varghese Pulimoottil | Printed at Tara Offset, Chengannur. 0479 2452566